# സമന്വയം

നവംബർ 2018

പുസ്തകം - 1 ലക്കം - 2




**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**ഔദ്യോഗികഭാഷാ വകുപ്പുതല സമിതി**

# ഭരണഭാഷ – മാതൃഭാഷ


*മുഖ്യ രക്ഷാധികാരി :*

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**
ബഹു. നിയമസഭാ സ്പീക്കർ

## പത്രാധിപസമിതി

*മുഖ്യ പത്രാധിപർ :*

**ശ്രീ വി. കെ. ബാബുപ്രകാശ്**
**നിയമസഭാ സെക്രട്ടറി**

*അംഗങ്ങൾ :*

**ഡോ. പി. ജെ. വിൻസെന്റ്**
സ്പീക്കറുടെ പ്രസ് സെക്രട്ടറി

**എ. അബ്ദുൾ ഖരീം**
അഡീഷണൽ സെക്രട്ടറി

**വി. ജൂനൈസ്**
അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് - II

**എസ്. ബാബുരാജൻപിള്ള**
ഓഫീസ് അറ്റൻഡന്റ് ഗ്രേഡ് - I

പുറംതാൾ രൂപകല്പന :
**ജൂനൈസ്**

രൂപകല്പന :
**ബിജു പുത്തൂർ**

രേഖാചിത്രങ്ങൾ :
**സുനീഷ്, സുമി അജിലാൽ**

അച്ചടി :
**കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**



വിലാസം :
**ഔദ്യോഗികഭാഷാ വകുപ്പുതല സമിതി,**
**നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**ഫോൺ : 047 251 2551**



**ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സംസ്ഥാന സർക്കാരിന്റെയോ നിയമസഭാ സെക്രട്ടേറിയറ്റിന്റെയോ അല്ല എന്നും അവ ലേഖകരുടെ വ്യക്തിപരമായ അഭിപ്രായങ്ങളാണ് എന്നും അവയ്ക്കുള്ള ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ് എന്നും സാക്ഷ്യപ്പെടുത്തുന്നു.**

**പത്രാധിപസമിതി**

# പത്രാധിപക്കുറിപ്പ്

പ്രളയത്തിന്റെയും, പേമാരിയുടെയും നാളുകളൊഴിഞ്ഞ് പ്രകാശത്തിന്റെയും പ്രസന്നതയുടെയും പ്രതീക്ഷകളുണർത്തി മലയാളനാട് 62-ാമത് പിറന്നാൾ പിന്നിട്ട ഈ അവസരത്തിൽ കേരള നിയമസഭാ സെക്രട്ടേറിയറ്റിലെ ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന മലയാളഭാഷാ-കഥാ-കാവ്യ-സൃഷ്ടികളുടെ സമന്വയം നിങ്ങളുടെ മുന്നിലെത്തിക്കുന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരിലെ സാഹിത്യ അഭിരുചികളെ പ്രോത്സാഹിപ്പിക്കുക, മലയാളഭാഷാ പ്രയോഗത്തെ പരിപോഷിപ്പിക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ ആരംഭിച്ച 'സമന്വയം' ഇന്ന് 13-ാമത് ലക്കത്തിൽ എത്തി നിൽക്കുകയാണ്. ഭരണഭാഷാ-മാതൃഭാഷ എന്ന ലക്ഷ്യത്തിലേക്കെത്തിച്ചേരുന്നതിൽ ഈ സെക്രട്ടേറിയറ്റിലെ ഓരോ ഉദ്യോഗസ്ഥരും വഹിച്ച പങ്ക് മഹനീയമാണ്. സംസ്ഥാനത്തെ ഇതര സർക്കാർ സ്ഥാപനങ്ങൾക്ക് മാതൃകയാകും വിധം ഭരണഭാഷാ പുരോഗതി കൈവരിക്കുന്നതിൽ നിയമസഭാ സെക്രട്ടേറിയറ്റിന് കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത എടുത്ത് പറയേണ്ടതാണ്. ഈ കാലയളവിൽ ജീവനക്കാരുടെ സർഗ്ഗചേതനകളെ കണ്ടെത്തുന്നതിനും വെളിച്ചത്ത് കൊണ്ടുവരുന്നതിനും സമന്വയത്തിന് കഴിഞ്ഞിട്ടുണ്ട്. ജീവനക്കാരുടെ കുരുന്നുകളുടെ ഭാവനാലോകം പ്രതിഫലിപ്പിക്കുന്ന ചിത്രരചനകൾ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് ലക്കങ്ങൾ പ്രസിദ്ധീകരിക്കാറുള്ളത്.

മലയാളത്തിന്റെ നാടൻ കലാരൂപങ്ങൾക്ക് രംഗവേദിയൊരുക്കുകയും അവയുടെ കലാകാരൻമാരെ ആദരിക്കുകയും ചെയ്യുന്നതിലൂടെ കേരളതനിമയും സ്വത്വവും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുവാൻ ഔദ്യോഗികഭാഷാ വകുപ്പുതല സമിതി കാണിക്കുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. പൈതൃക കലാരൂപമായ തോൽപാവക്കൂത്ത് പോലെയുള്ള ദൃശ്യാവിഷ്കാരങ്ങൾക്ക് വേദിയൊരുക്കുന്നതിനായുള്ള ശ്രമങ്ങൾ അണിയറയിൽ നടന്നുവരികയാണ്. കൂടാതെ, ഔദ്യോഗികഭാഷാ വകുപ്പുതല സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു നുറുങ്ങു മാസിക 'മൊഴി' എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുകയാണ്. ജീവനക്കാരുടെ സൃഷ്ടികൾക്കു പുറമേ മുഖ്യധാര എഴുത്തുകാർ, നിയമസഭാ സാമാജികർ എന്നിവരോടൊപ്പം പ്രസിദ്ധീകരണത്തിലെ അക്ഷരഖനികൾ പങ്കിട്ടെടുക്കുന്നതിലും സ്വയം പ്രകാശിതമാകുന്നതിനുള്ള അവസരം ജീവനക്കാർക്ക് ലഭിക്കുന്നുവെന്നതാണ് 'മൊഴി'യിലൂടെ സാധ്യമാവുന്നത്.

'സമന്വയം' ത്രൈമാസികയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ പങ്കാളികളാവുക സൃഷ്ടികൾ നല്കി മാസിക വായനാ സമൃദ്ധമാക്കുക.

**വി.കെ. ബാബുപ്രകാശ്**
സെക്രട്ടറി
കേരള നിയമസഭ






# സമന്വയം

ഭരണഭാഷ – മാതൃഭാഷ

പുസ്തകം 1 ലക്കം 2 2018 നവംബർ


## ഉള്ളടക്കം


**ബജറ്റും ഉദ്ധരണികളും** .................... 5
ജി. ഓമനശീലൻ

**അടുത്തൂൺ** ..................................... 8
എം.കെ. രാജൻ

**തുഷാരബിന്ദു** .................................. 11
ഉബൈദുള്ള വി.

**ടി.എ. റസാഖ്**
**ജനകീയനായ ചലച്ചിത്രകാരൻ** ......... 13
രാജീവ് വി.

**മനുഷ്യക്കോലങ്ങൾ** .......................... 14
എൽ. രാധാകൃഷ്ണൻ

**വിടരും മുമ്പേ** ................................. 15
റീന വി.ആർ.

**തെളിനീരൊഴുകുമ്പോൾ** ................. 17
പുഷ്പാംഗദൻ റ്റി.

**മൺചെരാത്** ................................... 20
എം. വിനോദ് ചെറായി

**ചില ഹരിത ചിന്തകൾ** .................... 21
എസ്. ജയശ്രീ

**കുളിരുപെയ്യുന്ന**
**സ്വപ്നഭൂമിയിലേക്ക്** ........................ 22
കല്യാണിക്കുട്ടി എം.വൈ.

**ജീവചരിത്രങ്ങൾ** ............................. 28
റെനീഷ് സി.എൻ.

**വാക്കുകൾ** ..................................... 29
ഉബൈദുള്ള വി.

**വിദ്യാഭ്യാസവും**
**സാമ്പത്തിക വികസനവും** ............... 30
ജയകുമാർ എം.

**ഞാൻ / ഒരു പിടിവറ്റ്** ..................... 32
ഷീലജ തെരൂർ

**വിദ്യാഭ്യാസ മേഖലയിലെ**
**മൂല്യശോഷണം** ................................. 33
വിക്രമൻ സി.

**ജന്മസാഫല്യത്തിനായി** .................... 35
മല്ലികാദേവി ജെ.

ബാലസമന്വയം



**കാർട്ടൂൺ** ..................................... 36
ഐശ്വര്യ എസ്.ബി.

അനുഭവക്കുറിപ്പ് :
**ക്രിക്കറ്റ്** ......................................... 37
അഭിജിത് പ്രകാശ്

**കാർട്ടൂൺ** ..................................... 38
അഭിനവ്

**കാർട്ടൂൺ** ..................................... 39
ധനജ് ആർ.എസ്./ആര്യൻ

**കാർട്ടൂൺ** ..................................... 40
കീർത്തന എ. കൃഷ്ണൻ

● ജി. ഓമനശീലൻ

ലേഖനം






# ബജറ്റും ഉദ്ധരണികളും

"മണ്ണിൽ താണാലേ കിണറിൽ തെളിയൂ" അബ്ദു അരീക്കോടിന്റെ ഒരു വാട്സാപ്പ് മെസേജാണിത്. മഴ പെയ്യുന്ന നാട്ടിൽ ഒരിറ്റ് വെള്ളത്തിനായി നെട്ടോട്ടമോടുന്നവരാണ് നാം. പ്രകൃതിയോടുള്ള നമ്മുടെ ക്രൂരത വരും തലമുറയ്ക്കു കൂടി ശാപമാകുന്ന അവസ്ഥ. നാം ചെയ്യേണ്ട കർമ്മത്തെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കുന്ന ഒരു വാക്യമാണ് മുകളിൽ സൂചിപ്പിച്ചത്.

ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനായ് വർഷാദ്യം, സർക്കാരിന്റെ നയരേഖ എന്ന നിലയിലാണ് ബജറ്റവതരിപ്പിക്കുന്നത്. ബജറ്റിലൂടെ ഗവൺമെന്റിന്റെ ലക്ഷ്യങ്ങളും പരിപാടികളും പ്രഖ്യാപിക്കുന്നു. ബജറ്റ് പ്രസംഗം കൂടുതൽ അർത്ഥവത്താക്കുന്നതിനായി ആചാര്യന്മാരുടേയും സാഹിത്യകാരന്മാരുടേയും കൃതികളിലെ ഉദ്ധരണികൾ ധാരാളമായി ധനമന്ത്രിമാർ ഉപയോഗിച്ചുവരുന്ന പശ്ചാത്തലത്തിലാണ് ഈ കുറിപ്പ് എഴുതുന്നത്.

കേരള ബജറ്റുകളുടെ ചരിത്രത്തിലെ ഏറ്റവും കൂടുതൽ ഉദ്ധരണികൾ ഉപയോഗിച്ചിരിക്കുന്നത് 2018–19 ലെ ബജറ്റിലാണ്. അതിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് ആമുഖത്തിൽ സ്ത്രീകൾക്ക് അദ്ധ്വാനത്തിനനുസരിച്ചുള്ള അന്തസ്സ് ലഭിക്കുന്നില്ല എന്ന് സൂചിപ്പിച്ചുകൊണ്ടാണ്. പുലാപ്പറ്റ സ്കൂളിലെ പത്താംക്ലാസുകാരി എൻ.പി. സ്നേഹ എഴുതി സമ്മാനം വാങ്ങിയ ഒരു കവിതയാണ് ധനമന്ത്രി തോമസ് ഐസക് ഉദ്ധരിച്ചത്.

"കെമിസ്ട്രി സാറാണ് പറഞ്ഞത്/ അടുക്കള ഒരു ലാബാണെന്ന്/പരീക്ഷിച്ച് നിരീക്ഷിച്ചു നിന്നപ്പോഴാണ് കണ്ടത്/വെളുപ്പിനുണർന്ന്/പുകഞ്ഞ് പുകഞ്ഞ് തനിയെ സ്റ്റാർട്ടാകുന്ന കരി പുരണ്ട/കേടുവന്ന/ഒരു മെഷീൻ/ ആവിടെയെന്നും/സോഡിയം ക്ലോറൈഡ് ലായനി/ഉല്പാദിപ്പിക്കുന്നുണ്ടെന്നും"

കേരളം പ്രബുദ്ധതയുടെ പ്രകാശ ഗോപുരമായി നിൽക്കുമ്പോഴും ലിംഗ നീതി ഉറപ്പുവരുത്തുന്ന കാര്യത്തിൽ അപമാനകരമായ നിരക്ഷരതയാണ് നാം പുലർത്തുന്നതെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. സ്ത്രീകളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ മനസ്സിലാക്കി അതു പരിഹരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ അദ്ദേഹം ഈ ബജറ്റിലൂടെ നിർവ്വഹിക്കുന്നുണ്ട്.

കേരളത്തിന്റെ ബജറ്റ് ചരിത്രത്തിലാദ്യമായി ഒരുദ്ധരണി ഉൾപ്പെടുന്നത് 1985-ലെ കെ.എം.മാണി അവതരിപ്പിച്ച ബജറ്റിലാണ്.

"നൈനം ഛിന്ദന്തി ശസ്ത്രാണി
നൈനം ദഹന്തി പാവകഃ
ന ചൈനം ക്ലേദയന്ത്യപോ
ന ശോഷയതി മാരുതഃ"

ആത്മസത്തയെ ആയുധം കൊണ്ട് മുറിക്കുന്നതിനൊ, അഗ്നി കൊണ്ട് ചുടുന്നതിനൊ, വെള്ളത്താൽ കുതിർക്കാനോ, കാറ്റുകൊണ്ട് ഉണക്കാനോ സാധ്യമല്ല എന്നതാണ് ഈ വരികളുടെ അർത്ഥം. കേരളത്തിന് പ്രയാസങ്ങളും പ്രതിബന്ധങ്ങളും ഏറെ ഉണ്ടെങ്കിലും അത് നമ്മുടെ ആത്മസത്തയെ ഒരിക്കലും തളർത്തുന്നില്ലെന്ന് അദ്ദേഹത്തിന് നല്ല നിശ്ചയം.

1989-ലെ ബജറ്റ് പ്രസംഗത്തിൽ "വയലേലകളിൽ വസന്തം വിരിക്കുകയാണ് എന്റെ സ്വപ്ന"മെന്ന് ധനമന്ത്രി വി. വിശ്വനാഥമേനോൻ പറയുന്നു. പുത്തൻ പണിശാലകൾ പണിതുയർത്തുന്നതിനും ലക്ഷങ്ങൾക്ക് തൊഴിലേകുന്നതിനും അതിലൂടെ ഒരു നവകേരളം പണിതുയർത്താൻ ഞങ്ങൾക്കൊരു സ്വപ്നമുണ്ടെന്ന വാക്യങ്ങൾ മാർട്ടിൻ ലൂഥർകിംഗ് ജൂനിയറിന്റെ 'എനിയ്ക്കൊരു സ്വപ്നമുണ്ട്' എന്ന പ്രസിദ്ധമായ പ്രസംഗത്തെ ഓർമ്മിപ്പിക്കുന്നതായിരുന്നു.

ഒരു ജനതയുടെ തോളോടുതോൾ ചേർന്ന് ഞങ്ങൾക്ക് ഇനിയും പല ചക്രവാളത്തിലേക്ക് കുതിക്കുവാനുണ്ട് എന്ന ആശയത്തെ സമർത്ഥിക്കുവാൻ 1990-ൽ അദ്ദേഹം ഇടശ്ശേരിയുടെ "തൊഴിലാളികൾ" എന്ന സമരഗാനത്തെ ആശ്രയിച്ചു.

"കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ
പ്രതിരോധമൊക്കെയും തട്ടി നീക്കി
കുതികൊൾക ശക്തിയിലേയ്ക്കു നമ്മൾ"

തൊഴിലാളികളുടെ വിയർപ്പും അധ്വാനവും ഞങ്ങൾക്ക് ഊർജ്ജവും പ്രചോദനവും നൽകുന്നുവെന്നും, അവരുടെ ക്ഷേമൈശ്വര്യങ്ങൾ സമൂഹത്തിന്റെ ശരി നിശ്ചയിക്കുന്നുവെന്നും ധനമന്ത്രിക്ക് നിശ്ചയം.

ആംഗല കവി പിബി. ഷെല്ലിയുടെ വരികൾ ഉദ്ധരിച്ചുകൊണ്ടാണ് 1992 -ലെ ബജറ്റിൽ ധനമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പുതുമ സൃഷ്ടിച്ചത്. "if winter comes, can spring be far behind" ശൈത്യം വന്നു കഴിഞ്ഞാൽ വസന്തത്തിന് അകന്നു നില്ക്കാനാവില്ലല്ലോ. ലോകം മാറിക്കൊണ്ടിരിക്കുന്നുവെന്നും, കാലവും മാറ്റത്തിന് വിധേയമെന്നും, കാലാവസ്ഥാഭേദം പ്രകൃതി നിയമമാണെന്നും ധനമന്ത്രിക്ക് വിശ്വാസം. നമ്മുടെ നയവും സമീപനവും ചിന്താഗതി തന്നെയും സൃഷ്ടിപരമായി മാറ്റിയെടുത്താൽ മാത്രമേ നമുക്ക് പുരോഗതിയുടെ പാതയിലൂടെ മുന്നോട്ട് പോകാൻ കഴിയുകയുള്ളൂ എന്ന വാദത്തെ ദൃഢീകരിക്കാനാണ് ഷെല്ലിയെ അദ്ദേഹം ഉദ്ധരിച്ചത്. കാറൽ മാക്സിനു മുമ്പേ ഇംഗ്ലണ്ടിൽ തൊഴിലാളികളോട് സംവദിച്ച കവിയായിരുന്നു ഷെല്ലി. അദ്ദേഹത്തിന്റെ 'Song To The Men of England' എന്ന കവിത ഇത്തരത്തിൽ ഏറെ പ്രശസ്തമാണ്.

ധനമന്ത്രി സി.വി. പത്മരാജൻ 1995-ലെ ബജറ്റിൽ 19-ാം നൂറ്റാണ്ടിലെ യൂറോപ്പിനെ പരാമർശിച്ചുകൊണ്ട് ചിന്തകനായ ഹെഗലിനെ ഉദ്ധരിക്കുകയുണ്ടായി. "യുവചേതന മുന്നോട്ട് കുതിക്കുമ്പോഴുള്ള ആഹ്ലാദത്തിമിർപ്പിൽ പഴയരൂപം വെടിഞ്ഞ് പുതിയരൂപം പ്രാപിക്കുന്ന ഒരു നിർണായക യുഗപ്പിറവിയുടെ പടിവാതിലിലാണ് നാം നിൽക്കുന്നത്. നമ്മുടെ ലോകത്തെ ഇണക്കിയിരുന്ന സർവ്വ വിശ്വാസ പ്രമാണങ്ങളും കേടുപാടുകളും സങ്കല്പങ്ങളും ഒരു സ്വപ്നദൃശ്യത്തിലെന്ന പോലെ അലിഞ്ഞലിഞ്ഞില്ലാതാവുകയാണ്, തകർന്നടിയുകയാണ്". ലോകത്തെമ്പാടുമുണ്ടായിക്കൊണ്ടിരിക്കുന്ന വിവരസാങ്കേതിക രംഗത്തെ വിസ്ഫോടനത്തെ സൂചിപ്പിക്കാനാണ് ഹെഗലിനെ അദ്ദേഹം ഉദ്ധരിച്ചത്. വർഗസമരങ്ങളുടെ ഫലമായാണ് ലോകത്ത് പുരോഗതിയുണ്ടാകുന്നതെന്ന ഹെഗലിയൻ വാദത്തെ മാർക്സ് അംഗീകരിച്ചിരുന്നത് ചരിത്രത്തിന്റെ ഭാഗം.

നെഹ്രുവിന്റെ ദീർഘദൃഷ്ടിയുടേതായ വാക്കുകൾ ഭാവി വികസനത്തിന്റെ അനന്തസാധ്യതകൾ വിളിച്ചറിയിക്കുന്നതാണെന്ന് പറഞ്ഞുകൊണ്ടാണ് ധനമന്ത്രി കെ. ശങ്കരനാരായണൻ 2004-ലെ ബജറ്റ് അവതരിപ്പിക്കുന്നത്. "നാമിന്ന് കൊണ്ടാടുന്ന ഈ നേട്ടം വെറുമൊരു ചുവടുവയ്പ് മാത്രമാണ്. നമുക്കായി കാത്തിരിക്കുന്ന മഹത്തായ വിജയങ്ങളുടെയും നേട്ടങ്ങളുടെയും കവാടം തുറന്നു തരുന്ന ഒരു ചുവടുവയ്പ്....". ഭാവിയിലെ സാധ്യതകൾ നമ്മെ മാടി വിളിക്കുന്നുവെന്നോർമ്മിപ്പിക്കാനാണ് നെഹ്രുവിന്റെ വാക്കുകൾ അദ്ദേഹം ഉദ്ധരിച്ചത്.

ഭൂപരിഷ്കരണം, മരുമക്കത്തായം, ജാതിവ്യവസ്ഥ, തൊഴിലാളി, സാമൂഹ്യബോധം എന്നിവയെക്കുറിച്ച് സൂചിപ്പിക്കാനാണ് 2009-ലെ ബജറ്റിൽ ഡോ. തോമസ് ഐസക് തകഴി ശിവശങ്കരപ്പിള്ളയുടെ 'കയർ' ഉദ്ധരിച്ചത്. മാറ്റങ്ങൾ വരുമ്പോൾ അന്നത്തെ കോടാന്ത്ര മൂത്താശാന്മാർ 'കീഴ്നടപ്പില്ല' എന്നു പറയുമെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. ഭൂതകാലത്തിന്റെ നേട്ടങ്ങൾ നിലനിർത്തി, പുതുസംരംഭങ്ങൾക്ക് തുടക്കം കുറിച്ച് വികസനത്തിന്റെ പുത്തൻ പന്ഥാവുകൾ നമ്മൾ തേടണമെന്ന ആഗ്രഹമാണ് ധനമന്ത്രിക്ക്. 2010-ലെ ബജറ്റിൽ, പോയ്മറഞ്ഞവർ കൈമുതലായി നൽകിയ സ്വാതന്ത്ര്യത്തി



ന്റെയും സമതയുടെയും പന്തങ്ങളേ റ്റുവാങ്ങാൻ ചോര തുടിക്കുന്ന ചെറു കയ്യുകളോട് ആഹ്വാനം ചെയ്യാനാണ് വൈലോപ്പിള്ളിയെ ധനമന്ത്രി ആശ്ര യിച്ചത്.

"ചോരതുടിക്കും ചെറുകയ്യുകളേ
പേറുക വന്നീ പന്തങ്ങൾ"

സാമൂഹ്യനീതിയും പാരിസ്ഥി തിക അവബോധവും നമുക്കുണ്ടാകേ ണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടാനാണ് വൈലോപ്പിള്ളി യുടെ തന്നെ "സഹ്യന്റെ മകനി"ലെ വരികൾ തേടിയത്.

"പരിഷ്കാരമെത്ര വേഗം
പച്ചയെ ധൂമ്പരമാക്കി വിട്ടു"

2011-ലെ ബജറ്റ് പ്രസംഗത്തിൽ ഒ.എൻ.വി.യുടെ 'ദിനാന്ത'ത്തിലെ വരികൾ അദ്ദേഹം കുറിച്ചു.

"അന്നവും വസ്ത്രവും പാർക്കാ നിടവുമീ
മന്നിൽ പിറന്നവർക്കെല്ലാം-
ഒന്നേ നിയമവും നീതിയുമേ വർക്കു-
മെന്നുറപ്പാക്കും വരേയും
പോവുക ധീരമായി മുന്നോട്ട്-
വാഗ്ദദ്ധ ഭൂമിയിലേയ്ക്കാവട്ടെ യാത്ര!"

കഴിഞ്ഞ 5 വർഷം ദരിദ്രർക്ക് സ്വപ്നങ്ങൾ ഉണ്മയായി മാറാൻ നട ത്തിയ ശ്രമങ്ങൾ നിസ്വലക്ഷങ്ങളുടെ നെഞ്ചിലെ ചൂളയാണവയ്ക്കു ചൂടേ കിയത് എന്നും, ദിനാന്തത്തിൽ ഉദി ച്ചുയർന്ന ഒറ്റ നക്ഷത്രത്തിന്റെ പ്രതീക്ഷ ജനങ്ങൾക്കു നൽകാനായി എന്ന ആത്മവിശ്വാസം പ്രകടിപ്പിക്കു കയാണ് ധനമന്ത്രി ഈ വരികളി ലൂടെ.

മഹാഭാരതത്തിലെ ഒരു വിദുരവാ ക്യമാണ് 2014-ൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി തന്റെ ബജറ്റ് പ്രസംഗ ത്തിൽ ഉദ്ധരിച്ചത്.

"ചക്ഷുഷ മനസാ വാചാ
കർമ്മണാ ച ചതുർവിധം
പ്രസാദയതി യോ ലോകം
തം ലോകാ അനുപ്രസീദതി"

കണ്ണുകൊണ്ടും മനസ്സുകൊണ്ടും വാക്കു കൊണ്ടും കർമ്മം കൊണ്ടും ജനങ്ങളെ സന്തുഷ്ടരാക്കുന്നവരെ ജനങ്ങളും സന്തുഷ്ടരാക്കുന്നു എന്ന താണ് ഈ വരികളുടെ അന്വ യാർത്ഥം. ജനക്ഷേമത്തിന് കരുത ലാണ് വേണ്ടതെന്ന വിശ്വാസമാണ് മുഖ്യമന്ത്രിക്ക്.

ഉദ്ധരണികളിലെ പ്രമേയം, ഇതി വൃത്തം, ആശയം, അർത്ഥം, ഉള്ള ടക്കം എന്നീ ഭാവശില്പ ഘടനകൾ സാഹിത്യത്തിന്റെ അവിഭാജ്യഘടക ങ്ങളാണ്. മനുഷ്യവർഗ്ഗത്തിന്റെ ചരി ത്രവും സംസ്കാരവും അനേകം ബന്ധമണ്ഡലങ്ങൾ കലർന്നതാണ്. ഇവിടെ ധർമ്മതത്വമാണ് പുതിയ തല മുറയ്ക്ക് ശേഷിപ്പായി അവശേഷിക്കു ന്നത്. സത്യം, സ്നേഹം, വാത്സല്യം, പ്രണയം, ഭക്തി, നർമ്മം, ത്യാഗം, കാരുണ്യം, നിസ്വാർത്ഥത, പാര തന്ത്ര്യം, ശുദ്ധി, നിഷ്കളങ്കത, ആർജ്ജവം എന്നീ പ്രകാശവലയങ്ങ ളാണ് ധർമ്മത്തെ ചൂഴ്ന്നു നിൽക്കു ന്നത്. ഇത് കൈമുതലായുള്ളവർക്കേ സനാതന ധർമ്മത്തെ അടുത്തറി യാൻ കഴിയൂ. അവർക്കേ നിന്ദിതരു ടെയും, പീഢിതരുടെയും വിഹ്വലത കൾ കാണാൻ സാധിക്കൂ.

"വന്നുദിക്കുന്നു ഭാവനയിങ്ക-
ലിന്നൊരു നവലോകം
വിസ്ഫുരിക്കുന്നു ഭാവനയിലാ-
വിജ്ഞമാനിതം കേരളം".

നവകേരള സൃഷ്ടിക്കായി വിജ്ഞാനാധിഷ്ഠിതമായ ഒരു സമൂ ഹത്തെ വാർത്തെടുക്കാൻ ശ്രമി ക്കുന്ന ധനമന്ത്രി ഡോ. തോമസ് ഐസക് സത്യ ധർമ്മാദിഷ്ഠിതമായ ഒരു നവലോകത്തെ കൂടിയാണ് സ്വപ്നം കാണുന്നത്. ●

● എം.കെ. രാജൻ



# അടുത്തൂൺ





“പെൻഷനൊക്കെ ആയിക്കഴിഞ്ഞാ പിന്നേം പഴയ ആപ്പീസിലോട്ടൊക്കെ കേറിചെല്ലാതിരിക്കണതാ നല്ലത്..... നിവർത്തിയൊണ്ടേൽ....”

എന്നു പറഞ്ഞുകൊണ്ട് അയാൾ പഴയ ചൂരൽക്കസേരയുടെ കുഴിയിലേയ്ക്ക് ഒന്നുകൂടി അമർന്നിരുന്നു.

അന്നേരം അയാളുടെ ഉള്ളിലൂടെ, ഇരുട്ടിൽ പാഞ്ഞുപോയ തീവണ്ടിയുടെ ജനാലക്കാഴ്ച പോലെ പത്തുമുപ്പത്തിമൂന്നു വർഷത്തെ സർക്കാർ ജോലിക്കിടയിലുണ്ടായ അനുഭവങ്ങളുളെല്ലാം കൂടി ഇരമ്പിയെത്തി. അതൊക്കെയും ഒരു ദീർഘനിശ്വാസ

ത്തിന്റെ അലകളായ് അയാളുടെയു ള്ളിൽ വട്ടംവീശി വിടർന്നു.

“ഒന്നാമത്.... പുതിയ ആളോ ളൊന്നും നമ്മളെ അറിയൂല്ല... ജോലിത്തെരക്കിന്റെ എടേല് പഴേ ആൾക്കാർക്ക് മിണ്ടാന് നേരം കിട്ടീന്നും വരൂല്ല... അതൊക്കെ ചെലപ്പം നമ്മക്ക് വെഷമമാവും... ഒറ്റപ്പെട്ടേ പോയ പോലെ ഒര് തോന്നൽ.... അതിന്റെ എടേലാവും വാച്ച് ആന്റ് വാർഡിന്റെ നൂറുകൂട്ടം ചോദ്യം ചെയ്യലും... ഓ.... എന്തിനാ... വെറുതേ.... ഇതൊന്നും ആരടേം കുറ്റല്ലാട്ടോ.... എല്ലാ ത്തിനും ഒരു സമയോണ്ട്... അത് കഴിഞ്ഞാ പിന്നെ....”

പ്രായത്തിന്റെ അവശതയോടെ അയാൾ മെല്ലെ കിതച്ചു. ഒരു നിമിഷം ഒന്നു നിർത്തി വെറുതേ ചിരിക്കാൻ ശ്രമിച്ചു.

നിറം മങ്ങിയ വീടിന്റെ അകത്ത ളത്തിലെ ചാരുകസേരകളിലിരുന്ന് ബിന്ദുവും ശ്രീബയും പരസ്പരം കണ്ണുകളിലേയ്ക്കു നോക്കി.

അയാളുടെ സർവ്വീസിന്റെ അവസാന നാളുകളിൽ ജോലി യിൽ ചേർന്നവരാണ് രണ്ടുപേരും. അപരിചിതരായ ആളുകൾക്കും ജോലിക്കുമിടയിൽ പതറി നിൽക്കു മ്പോൾ ജോലിയുടെ സങ്കീർണ്ണത കൾ ഒന്നൊന്നായി ഇഴപിരിച്ചുതന്ന മേലുദ്യോഗസ്ഥനാണ് ഇപ്പോൾ പ്രായത്തിന്റെ അവശതകളുമായി തങ്ങളുടെ മുന്നിലിരിക്കുന്നത്.

ഔദ്യോഗിക പദവികളുടെ ആലഭാരങ്ങളൊന്നും തലയ്ക്കു പിടിക്കാത്ത അപൂർവ്വം ഉദ്യോഗസ്ഥ രിൽ ഒരാൾ. ആ ഒരു ബഹുമാന മാണ് ഇപ്പോൾ ഇത്തരത്തിലൊരു കൂടിക്കാഴ്ചയിലേയ്ക്ക് എത്തിച്ചത്.

അകത്തെ മുറിയിൽ അയാളുടെ ഭാര്യ ഒരു വശം തളർന്ന് കിടപ്പി ലാണ്. കുറേനേരം അവർ ആ സ്ത്രീയോടു സംസാരിച്ചിരുന്നു. അതിനുശേഷമാണ് അകത്തള ത്തിൽ വന്നിരുന്നത്. പിടിച്ചാൽ മെല്ലെ നടക്കാനാവും അതുകൊണ്ട് കുറച്ചു സമയം താങ്ങി നടത്തിക്കു കയും ചെയ്തു. അപ്പോൾ ആ സ്ത്രീയിൽ വല്ലാത്തൊരു സന്തോ ഷവും പ്രസരിപ്പിമുണ്ടായത് അവർ ശ്രദ്ധിച്ചു.

“ഓ... ഞാൻ മറന്നു.... നിങ്ങൾക്ക് കുടിക്കാനൊന്നും തന്നി ല്ലല്ലോ....”

“വേണ്ട സാർ ഞങ്ങളിപ്പോൾ കഴിച്ചതേയുള്ളൂ” എന്നു വെറുതെ കള്ളം പറഞ്ഞു.

അതു കൂട്ടാക്കാതെ അയാൾ മെല്ലെ കസേരയിൽ നിന്നും ആയാ സപ്പെട്ട് എണീറ്റു.

“കൊറച്ചു നേരം ഇങ്ങനെ ഇരു ന്നിട്ട് എണീക്കുമ്പോ കാൽ നിവ രൂല്ല... അതാ ഇപ്പോ ഒരു പ്രശ്നം...”

അയാൾ അകത്തേയ്ക്ക് പോയി അടുക്കളയിൽ ഗ്ലാസ്സുകൾ തമ്മിൽ ഇടയുന്നതിന്റെയും വെള്ളം വീഴു ന്നതിന്റെയും ഒച്ച. കുറച്ചു കഴിഞ്ഞ പ്പോൾ രണ്ടു ഗ്ലാസ്സുകളിൽ മുസംബി നീരുമായി അയാൾ വന്നു. നിങ്ങൾ വരൂന്നറിഞ്ഞ് ശര്യാ ക്കിവെച്ചതാ... മധുരം മതിയോന്ന് നോക്ക്യേ... ഞങ്ങൾക്കിതൊന്നും പറ്റൂല്ല.

അവർ ഗ്ലാസ്സെടുത്ത് ഒന്ന് മൊത്തി തലയാട്ടി, ഉപചാരമെ ന്നോണം ചിരിച്ച് ഗ്ലാസ്സു താഴെ വച്ചു.

“നിങ്ങൾ ഊണു കഴിച്ചിട്ടേ വരൂ എന്നു പറഞ്ഞതുകൊണ്ടാ അല്ലാരു ന്നെങ്കി....”

സത്യത്തിൽ അവർ ഊണു കഴി ക്കാതെയാണ് വന്നത്. സമയം കള യേണ്ടെന്ന് കരുതി. അതുകൊണ്ട് വിഷയം മാറ്റാനായി ചോദിച്ചു. “സാർ...; വാരാറില്ലെ... കുട്ട്യോ ളൊക്കെ...?” ഞാൻ പറഞ്ഞില്ലേ... ഒരാൾ ബാംഗ്ലൂരാ... ഐ.ടി. മൂത്ത യാൾ സ്റ്റേറ്റ്സിലോട്ടു പോയി ഫാമിലീം...; ബാംഗ്ലൂരൊള്ളയാളാ... എടയ്ക്ക് വന്നോണ്ടിരുന്നത്... ഇപ്പം.... എന്തോ തിരക്കാ... കൊറ ച്ചായി വന്നിട്ട്... ഇവളവിടാരുന്നു... കൊറേക്കാലം... അവരടെ പിള്ളേ രൊക്കെ വെല്താവണ വരെ... പിന്നെ വയ്യാണ്ടായപ്പോ... ഞാൻ ചെന്ന് ഇങ്ങോട്ടു കൊണ്ടു പോന്നു.... അവിടത്തെ ചികിത്സ യൊന്നും പറ്റൂല്ല... പിന്നെ അവർ ജോലിക്കും പിള്ളേര് സ്കൂളിലും പോയാല... ആരാ... നോക്കാൻ... ഇപ്പം... ഇവടെ കോട്ടയ്ക്കലെ മരുന്നാ.... അത്യാവശ്യം അല്ലറ ചില്ലറ പണിക്കും എന്തെങ്കിലും ഒക്കെ വച്ചുണ്ടാക്കാനും ഇപ്പോ ഒര് സ്ത്രീ വരുന്നുണ്ട്.... അതും എല്ലാ ദിവസോം വരൂല്ല... ഒരാളെ ഒത്തു കിട്ടാൻ വല്യപാടാ... ഇവടെ അടുത്ത് ഒരു തട്ടുകടയുണ്ട്... നിങ്ങൾ കണ്ടാരുന്നോ ആ പി.എം.ജി.ടെ അവിടന്ന് തിരിയ ണോട്ത്ത്....? ആ സ്ത്രീ വരാ ത്തപ്പോ ഞാനവടന്ന് എന്തേലും മേടിച്ചോണ്ട് വരും....

കൈയ്യെടുത്തു വർത്തമാനം പറയുമ്പോൾ മുഴുക്കയ്യൻ ഷർട്ടിന്റെ തുമ്പ് അനുസരയില്ലാതെ ചിത റുന്നു. ശ്രദ്ധിച്ചപ്പോൾ ഷർട്ടിന്റെ കുടുക്കുകളും സ്ഥാനം തെറ്റിക്കിട ക്കുന്നു.

“പത്ത് നാപ്പത്തോട്ട് വർഷമാ യില്ലെ.... നാട്ടീന്ന് പോന്നിട്ട്... എടയ്ക്ക് എന്തെങ്കിലും വിശേഷ ത്തിനൊക്കെ പോവ്വായിരുന്ന്.... ബന്ധുക്കളൊക്കെ നാട്ടിലാ... ഇപ്പം....”

അയാൾ കൈകൾ കുടഞ്ഞു... നിസ്സഹായമായ ഒരവസ്ഥയിൽ പെട്ടതുപോലെ.... “പിള്ളേരൊക്കെ ഇവടല്ലെ പഠിച്ചത്.... അന്ന് അതാ യിരുന്നു സൗകര്യം... അല്ല അതോണ്ട് ഇപ്പം രണ്ട്പേർക്കും ഒര് കരപറ്റാനായി...”

അയാൾ ഒന്നു നിർത്തി. മുറിയി ലേയ്ക്ക് പാളി നോക്കി. ഭാര്യ

ഉണർന്നോ എന്നാകും. ഉണരുമ്പോൾ ഒന്നു രണ്ടു കൂട്ടം മരുന്നു കൊടുക്കേണ്ടതാണ്. സംസാരം നിർത്തി മുറിവരെ പോയി മടങ്ങി വന്നു.

“നല്ല ചൂടല്ലേ... ക്ഷീണോം കാണും. നല്ല ഉറക്കത്തിലാ.... നിങ്ങടെ കൂടെ ജോയ്ൻ ചെയ്ത ഒരു കുട്ടീം കൂടെ ഒണ്ടായിര്ന്നില്ലെ...?”

“ആ.... അമൃത.... അവളും കൂടി വരാനിരുന്നതാ.... അന്നേരം എന്തോ അത്യാവശ്യം....”

“ജയലക്ഷ്മി പെൻഷനായല്ലേ....?”

“കഴിഞ്ഞ കൊല്ലം....”

“ഇപ്പെ എഴ്ത്തൊക്കെ ഒണ്ടോ... ഒരിയ്ക്കൽ പുസ്തക പ്രകാശനത്തിന് എന്നെ വിളിച്ചതാ... പോകാൻ പറ്റീല്ല... ഗോപനേം ഖരീമിനേം ഒന്ന് രണ്ട് വട്ടം കണ്ടാരുന്നു... സാറിന് മനസ്സിലായോന്നു... ചോദിച്ച് രണ്ട് പേരും കൂടി വന്നപ്പഴാ... ഓർമ്മ വന്നത്... ഇപ്പോ അഡീഷണൽ സെക്രട്ടറിയായിക്കാണണം.... അന്ന് രണ്ട് പോസ്റ്റാ... അഡീഷണലിന്റെ.... എന്തോരം മാറ്റങ്ങളാ.... ഇന്നീ കാണണ ചുറ്റുമതിലൊന്നും അന്നില്ല.... വികാസ്ഭവനും നമ്മടെ ആപ്പീസും ഒക്കെ ഒറ്റവളപ്പ് പോലാരുന്നു... മുഴുവൻ കാടായിരുന്നു... കുതിരപ്പോലീസിന്റെ ലായം അവടാര്ന്ന്.. അതിനും മുമ്പ്.... ആ ഹനുമാൻ കോവിലൊന്നും അത്രേയില്ല... ഇന്നിപ്പോ... എന്താ തെരക്ക്... അതിന്റ്പ്രത്തായിരുന്നു പി.ഡബ്ല്യൂ.ഡിയയുടെ ഒരു കാന്റീൻ... ചായേം ഊണും ഒക്കെ അവിടന്നായിരുന്നു.... വണ്ടിയൊന്നും ആർക്കൂല്ല... ഒരു ഡെപ്യൂട്ടി സെക്രട്ടറി.... വേലായുധൻ നായരെന്നോ സുരേന്ദ്രൻ നായരെന്നോ... മറ്റോ... അയാൾക്കായിരുന്നു... ആകെക്കൂടി ബജാജിന്റെ ഒരു സ്കൂട്ടർ... ഒരു ആറ് ആറരയടി പൊക്കമുള്ള ഒത്ത ഒരാൾ...”.

എന്നു പറഞ്ഞ് അകത്തുപോയി പഴയൊരു ഗ്രൂപ്പ് ഫോട്ടോയിൽ ആളെ തൊട്ടു കാണിച്ചു. നോക്കുമ്പോൾ ശരിയാണ് നിൽക്കുന്നവരിൽ ഏറ്റവും നീളമുള്ളയാൾ. “ഇവിടെയിരുന്ന് കണ്ണടച്ചാ പഴയ ഓഫീസും സഹപ്രവർത്തകരും... എല്ലാം മുന്നിൽ തെളിഞ്ഞ് വരും... രാജ്കുമാർ... ലതികാ യോവൽ... പ്രസന്നകുമാരി... പരമേശ്വരൻ... ഉഷ... വിക്രമക്കുറുപ്പ്... ശശി... വാസു... ഡ്രൈവർ മോഹനൻ... എത്ര എത്ര ആളുകൾ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നാലാം നെലേല്... വായിൽ നിറയെ മുറുക്കാനുമിട്ട് കൈവരി പിടിച്ച് നിക്കണ രാജ്കുമാറിനെയൊക്കെ ഇന്നലത്തെപ്പോലെ... രാജേന്ദ്ര ബാബു സാറിനെ ഓർമ്മയുണ്ടോ? ഉവ്വ് ഞാൻ സാറിന്റെ കൂടെ ജോലി ചെയ്തിട്ടുണ്ട്.... രണ്ട് വർഷം മുമ്പോ മറ്റോ.... സാറ്” ഉം ഞാനറിഞ്ഞിരുന്നു... ആരോ വിളിച്ചുരുന്നു.

ശബ്ദരഹിതമാക്കി വച്ചിരുന്ന മൊബൈൽ കമ്പനം കൊണ്ടു... എടുത്തു നോക്കി. സെക്ഷനിൽ നിന്നാണ്. ഉച്ചയൂണിന് തൊട്ടുമുമ്പ് ‘പോത്തീസി’ലേയ്ക്കെന്ന് കള്ളം പറഞ്ഞ് ഇറങ്ങിയതാണ്. ഇവിടേയ്ക്കാണ് വരുന്നത് എന്നറിഞ്ഞാൽ സഹതാപം മുഴുവൻ കേൾക്കേണ്ടി വരും...

പുറത്ത് മീനവെയിൽ മയക്കത്തിലേയ്ക്ക് വീണു തുടങ്ങിയിട്ടില്ല. ഇടയ്ക്കു വീശുന്ന കാറ്റിന് വല്ലാത്ത ചൂട്... തുറന്നിട്ട ജാലകപ്പഴുതിലൂടെ വെയിൽ തിണ്ണയിലേയ്ക്ക് തുളുമ്പിത്തുടങ്ങിയിരുന്നു. അതിനപ്പുറത്ത് നിറയെ പൂത്തു നിൽക്കുന്ന കണിക്കൊന്ന.

അവർക്ക് പോകാൻ നേരമായിരിക്കുന്നു. അകത്ത് അയാളുടെ ഭാര്യയോട് യാത്രപറയാനായി കട്ടിലിനരികിലേയ്ക്കു പോയി തിരിച്ചു വന്നു.



അയാൾ പോക്കറ്റിൽ നിന്നും രണ്ടു നാണയത്തുട്ടുകൾ രണ്ടു പേർക്കുമായി നീട്ടി. “വിഷുവല്ലേ വരുന്നത്.... ഇതെന്റെ കൈനീട്ടം.... ഇത്തോണേം കുട്ടികളാരും വരൂന്ന് തോന്നണില്ല... നിങ്ങൾ വന്നപ്പോ എന്റെ കുട്ടികൾ വന്നപോലെ തന്നെയാ... ഇത് പോലെ എടയ്ക്ക് ആരെങ്കിലും ഒക്കെ വരുമ്പഴാ... ജീവിച്ചിരിക്കുന്നു എന്നൊരു തോന്നൽ വരാ”.

യാത്ര പറഞ്ഞിറങ്ങും മുമ്പേ അവർ കയ്യിൽ കരുതിയിരുന്ന സമ്മാനപ്പൊതി അയാളുടെ കൈകളിൽ വച്ചു. അപ്പോൾ അയാളുടെ കൈകൾ വിറയിക്കുകയും കണ്ണുകൾ നിറയുകയും ചെയ്തു. അക്കാര്യം അവർക്കു മനസ്സിലാകാതിരിക്കാനായി മറ്റെവിടേയ്ക്കോ കണ്ണുകൾ പായിച്ചു.

അവർ നടക്കല്ലുകളിറങ്ങി. തിരിഞ്ഞു നോക്കുമ്പോൾ വാതില്പടി ചാരി അപ്പോഴും അയാൾ അവിടെത്തന്നെ നില്പുണ്ടായിരുന്നു. സായാഹ്നത്തിലേയ്ക്ക് സംക്രമിക്കുന്ന മീന വെയിലിലേയ്ക്കും നോക്കിക്കൊണ്ട്. ●

● ഉബൈദുള്ള വി.





# തുഷാര ബിന്ദു

"അലസ നിമിഷങ്ങൾക്കു സാക്ഷിയായ് കാലത്തി-
ന്നണിയറശ്ശില വിട്ടുയിർക്കുന്നുവോ
യുഗശില്പിതൻ സ്നിഗ്ദ്ധപദമുദ്രയേൽക്കവേ
ശപ്തയായി മണ്ണിലുറഞ്ഞ വരാംഗന!"

മനോഹരവും അർത്ഥവ്യാപ്തവുമായ വരികൾ. 2016-ൽ സമന്വയം ജനുവരി ലക്കത്തിൽ കണ്ട കവിത. സ്ത്രീകൾ ഇന്ന് സമൂഹത്തിൽ നിന്നും നേരിടേണ്ടിവരുന്ന വിഷാദപർവ്വത്തിലേക്ക് വിരൽ ചൂണ്ടുന്ന വരികൾ. രണ്ടാം വായന വേളയിൽ പൊടുന്നനെ ഉള്ളിലൊരു തിരയിളക്കം. ആ കവിയുടെ ഓർമ്മകൾ തുളുമ്പുന്ന നിമിഷലയം. അദ്ദേഹവുമായി എനിക്കെന്തു ബന്ധം. ഭാഷാസ്നേഹത്തിന്റെ അടുപ്പം അത്രമാത്രമായിരുന്നോ? അല്ല. ഞാൻ എം.എൽ.എ. ഹോസ്റ്റലിൽ അസിസ്റ്റന്റ് ആയിരുന്ന കാലയളവിൽ കുറെ കൂടുതൽ അറിയാൻ കഴിഞ്ഞ സെക്ഷൻ ഓഫീസർ 'പദ്മരാജു തുഷാരം' എന്നെഴുതിക്കണ്ടപ്പോൾ 'പത്മ' എന്നതിലെന്തു തെറ്റ് എന്ന എന്റെ ശൈലിയിലുള്ള ചോദ്യത്തിന് ഒരു വ്യാകരണ ക്ലാസ്സായിരുന്നു മറുപടി. മലയാള വ്യാകരണം കൈകാര്യം ചെയ്യാനറിയാവുന്ന ഒരു അദ്ധ്യാപകനാണ് അദ്ദേഹമെന്ന് മനസ്സിലാക്കുവാൻ വളരെ സമയം വേണ്ടിവന്നില്ല.

നിത്യജീവിതത്തോടും, നിലനിൽക്കുന്ന വ്യവസ്ഥിതിയോടും സദാ കലഹിച്ചിരുന്നവരെപ്പോലെ ആയിരുന്നു അദ്ദേഹം. രാവിലെ ഓഫീസിൽ എത്തുന്നതു മുതൽ മടക്കയാത്രയ്ക്കുള്ള തിടുക്കത്തിൽ സെക്ഷനിലെ ജോലി സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതു വരെയുള്ള സംഭവങ്ങൾക്ക് ഡി.ഡി. ഗോഡ്ഫ്രീ, യും സാക്ഷിയാണ്.

കവിതപോലെ നാട്ടുവൈദ്യവും അദ്ദേഹത്തിന് വഴങ്ങുമായിരുന്നു.

അടുപ്പമുള്ളവരോട് ആരോഗ്യ സ്ഥിതി ആരായുകയും പരിഹാര മായി ചില ഔഷധക്കുറിപ്പുകൾ നൽകുകയും ചെയ്തിരുന്നു. നല്ല ഫലിതങ്ങൾ ഇഷ്ടമായിരുന്നു. സര സമായ സംസാരശൈലിയുടെ ഉട മയാണ്. ചിലപ്പോൾ ശാന്തതയുടെ നൂല് പൊട്ടിപ്പോകുന്നതും മറ്റുള്ള വർക്ക് കാഴ്ചയായിരുന്നു. കവി കളെ സംബന്ധിച്ചും അവരുടെ വ്യക്തിപരമായ ജീവിതത്തിലെ നിമ്നോന്നതികൾ സംബന്ധിച്ചും വ്യക്തമായ ധാരണ അദ്ദേഹത്തിനു ണ്ടായിരുന്നു. ചില കവികളുടെ വിവേചനദർശനവും, ഇഷ്ടാനി ഷ്ടങ്ങളും മിക്ക ഇടവേടകളിലും ചർച്ചാവിഷയങ്ങളായിട്ടുണ്ട്. കുരീ പ്പുഴയെ അടുത്ത് അറിയുന്ന കവി കൂടെയായിരുന്നു പത്മരാജു തുഷാരം.

കവിതകളെക്കൂടാതെ നാടൻ കലകളിലും, കലാരൂപങ്ങളിലും നല്ല അറിവ് അദ്ദേഹത്തിന് ഉണ്ടാ യിരുന്നു. ഈ വിവരം മനസ്സിലാ ക്കിയ ഈയുള്ളവൻ എന്റെ പരിസ രത്തെ കുട്ടികൾക്കായി നാടൻ കലാക്യാമ്പ് നടത്തുകയും പ്രസ്തുത പരിപാടിക്ക് അദ്ദേ ഹത്തെ ക്ഷണിച്ചുകൊണ്ട് പോകു കയും ചെയ്തു. തെയ്യം, തീയാട്ടം, കൂടിയാട്ടം തുടങ്ങി കലകളെ വ്യാഖ്യാനിക്കുകയും സോദോഹ രണം കുട്ടികളെ പറഞ്ഞു മനസ്സി ലാക്കിപ്പിക്കുകയും ചെയ്തു. സുന്ദര കലയേയും, സോപാന യോഗ കലയേയും സംബന്ധിച്ച് വിശദമായ അറിവും അദ്ദേഹം പകർന്നു കൊടുത്തു.

ഒരു ദിവസം ഞാനും സഹപ്ര വർത്തകരും, പാട്ടുകളെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ, വയലാറിന്റെ 'പാമരം പളുങ്കുകൊണ്ട്, പന്നകം കരിമ്പുകൊണ്ട്' എന്ന വരികളുടെ അർത്ഥം ചർച്ചയ്ക്കു വിധേയമായി. ആരുടെ അർത്ഥവ്യാഖ്യാനങ്ങ ളിലും തൃപ്തിവരാതെ ഞാൻ അദ്ദേഹത്തെ ഫോൺ മുഖേന ബന്ധപ്പെട്ടു. കേട്ട മാത്രയിൽ തന്നെ "പന്നകം" എന്നാൽ 'വള പുര' അല്ലെങ്കിൽ വള്ളങ്ങളിൽ വള ച്ചുവച്ചിരിക്കുന്നു പുര, മേൽമൂടി എന്നും അത് കരിമ്പുകൊണ്ട് ഉണ്ടാക്കിയ കവി കാമദേവന്റെ വില്ലിനെ അർത്ഥമാക്കുന്നുവെന്നും വ്യക്തമാക്കി.

സുഹൃത്തുക്കളുമായുള്ള ചർച്ച യിൽ മിക്കവാറും സാഹിത്യം കട ന്നുകൂടാറുണ്ട്. അങ്ങനെ ഒരു ദിവസം പഞ്ചമഹാകാവ്യങ്ങളെ സംബന്ധിച്ച തർക്കവേളയിൽ എന്റെ പക്ഷം ചേർന്ന് പഞ്ചമഹാ കാവ്യങ്ങളെയും അവയെഴുതിയ മഹാകവികളെയും ഒറ്റ ശ്വാസ ത്തിൽ പറഞ്ഞു വച്ചു. അപ്രകാരം അഴകത്തു പത്മനാഭക്കുറുപ്പിന്റെ രാമചന്ദ്രവിലാസവും, ഉള്ളൂരിന്റെ ഉമാകേരളവും, വള്ളത്തോളിന്റെ ചിത്രയോഗവും, കെ.സി. കേശവപി ള്ളയുടെ കേശവീയവും, പന്തളം കേരളവർമ്മയുടെ രുഗ്മാംഗദ ചരി തവും ചിലരുടെയെങ്കിലും ഓർമ്മ സഞ്ചിയിൽ സൂക്ഷിക്കുവാനുള്ള പുതുമൊഴികളാകുന്നതിനും ഞാൻ സാക്ഷ്യം വഹിച്ചിരുന്നു.

പത്മരാജു തുഷാരം കവിതകൾ മാത്രമല്ല, ബാലസാഹിത്യ കൃതി കളും പ്രസിദ്ധീകരിച്ചിരുന്നു. അടു ത്തൂൺ പറ്റിയശേഷം രണ്ടുവട്ടം ഞാൻ അദ്ദേഹത്തെ കണ്ടിരുന്നു. ഓർമ്മകൾ ഒട്ടനവധി പങ്കുവച്ചു. ആത്മീയതയിൽ മുഴുകുവാനുള്ള താല്പര്യം വാക്കുകളിൽ ഇടം പിടി ക്കുന്നതായി ഞാൻ മനസ്സിലാക്കി. ഇനിയും ഒട്ടേറെ നാൾ ഈ ഇഹപ്ര പഞ്ചത്തിൽ ജീവിക്കും എന്നു കരുതി. പെട്ടെന്നായിരുന്നു അന്ത്യം. അറിഞ്ഞപ്പോൾ എവി ടെയോ? ഒരു നൊമ്പരം, ഒരു സുഹൃദ് ശൂന്യത. ഓർമ്മകളുടെ തുഷാരബിന്ദുക്കൾ ദുഃഖാഗ്നിയിലു രുകി നീരാവിയാക്കുന്ന തോന്നൽ. എങ്കിലും സുഖദമാർന്ന കുളി രോർമ്മയുടെ തുഷാരം ചിലയനുഭ വങ്ങളുടെ വർണ്ണരാജിയെ പ്രകാശി പ്പിക്കുന്നു.

"വഹ്നിസന്തപ്ത-
ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം
ക്ഷണഭംഗുരം". ●



● രാജീവ് വി.

ലേഖനം




# ടി. എ. റസാഖ്
## ജനകീയനായ ചലച്ചിത്രകാരൻ

മലപ്പുറത്തിന്റെ മതനിരപേക്ഷ സ്വഭാവവും മതസൗഹാർദ്ദവും ഒന്നുപോലെ തിരക്കഥകളിൽ കൂടി മുന്നോട്ടുവച്ച തിരക്കഥാകൃത്തും ചലച്ചിത്ര സംവിധായകനുമായിരുന്നു ടി.എ. റസാഖ്. മുപ്പതോളം സിനിമകൾക്ക് തിരക്കഥയൊരുക്കുകയും 'മൂന്നാം നാൾ ഞായറാഴ്ച' എന്ന സിനിമ സംവിധാനം ചെയ്യുകയും ചെയ്തു. സാമ്പത്തിക അരക്ഷിതാവസ്ഥയിൽ സ്വത്വം നഷ്ടപ്പെട്ട ദളിത് യുവാവായി സലീംകുമാർ അഭിനയപാടവം അനുഭവിപ്പിച്ച സിനിമയായിരുന്നു അത്. പിന്നീട് ചില വിവാദങ്ങളും ഇതിനെ ചുറ്റിപ്പറ്റി സൃഷ്ടിക്കപ്പെട്ടു.

സാധാരണ മനുഷ്യന്റെ വേദനകളും യാതനകളും വിഹ്വലതകളും പ്രമേയമാക്കിയായിരുന്നു മിക്ക ചലച്ചിത്രങ്ങളും. ജീവിതമായിരുന്നു അതിൽ നിഴലിച്ചിരുന്നത്. ഒരിക്കലും നിർവ്വചനത്തിന് വഴങ്ങാത്ത ജീവിതമെന്ന പ്രഹേളികയെ തന്റേതായ വീക്ഷണത്തിൽ കൂടി അടയാളപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. വിഷ്ണുലോകം, ഗസലും, രാപ്പകലും, ഉത്തമനുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. തന്റെ കലാജീവിതത്തിന്റെ ആദ്യകാലങ്ങളിൽ 'വര' എന്ന ഒരു ലിറ്റിൽ മാഗസിനും നടത്തിയിരുന്നു. മലയാളത്തിന്റെ മഹാനടനായ തിലകൻ, എം.ടി.യ്ക്കും ലോഹിതദാസിനും ശേഷം മലയാള സിനിമയിലേയ്ക്ക് കടന്നുവന്ന പ്രതിഭയായാണ് റസാഖിനെ കണ്ടിരുന്നത്.

കമൽ സംവിധാനം ചെയ്ത് ടി.എ. റസാഖ് തിരക്കഥയെഴുതിയ ചിത്രമാണ് 'പെരുമഴക്കാലം'. ദുഃഖം പെരുമഴയായ് പെയ്തിറങ്ങിയ ജീവിതങ്ങളുടെ തോരാത്ത നിലവിളികളായിരുന്നു ജീവിതഗന്ധിയായ പ്രസ്തുത ചലച്ചിത്രം. റസാഖിന്റെ ആത്മകഥയുടെ ചിലഭാഗങ്ങൾ പുസ്തകരൂപത്തിൽ കോഴിക്കോട്ടുവച്ച് പ്രസാധനം നടത്തിയിരുന്നു. അതിന്റെ പേര് 'ഓർമ്മകളുടെ പെരുമഴക്കാലം' എന്നാണ്. ബച്ചുചെറുവാടി തയ്യാറാക്കിയ പുസ്തകം പ്രകാശനം ചെയ്തത് പ്രശസ്ത നടൻ മാമുക്കോയയാണ്.

വരേണ്യതയുടെ തിരസ്കാരം ഏറ്റുവാങ്ങാൻ വിധിയ്ക്കപ്പെട്ട മഹാകവി മോയിൻകുട്ടി വൈദ്യരുടെ നാടായ കൊണ്ടോട്ടി തന്നെയാണ് റസാഖിന്റെ ജന്മദേശം. അദ്ദേഹം സൃഷ്ടിച്ച കഥയും കഥാസന്ദർഭങ്ങളും, പശ്ചാത്തലവുമെല്ലാം സങ്കീർണ്ണമായിരുന്നെങ്കിലും, അതിനെക്കാളും തീക്ഷ്ണമായിരുന്നു ജീവിതത്തിൽ നേരിട്ട സമസ്യകൾ. എന്നും ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളോടൊപ്പം നിലകൊണ്ടത് സാധാരണ മനുഷ്യരുടെ വേദനകളും നീറുന്ന പ്രശ്നങ്ങളും അറിയാമായിരുന്നതുകൊണ്ടു തന്നെയാണ്. ഏറ്റവും കൂടുതൽ സാമൂഹ്യമായ ഇടപെടലുകൾക്ക് അവസരം നൽകുന്ന, പൊതുഗതാഗത സംവിധാനത്തിന്റെ അവസാന വാക്കായ കെ.എസ്.ആർ.ടി.സിയിലെ ഉദ്യോഗസ്ഥൻ കൂടിയായിരുന്നു, എന്നത് പുരോഗമന വീക്ഷണങ്ങൾക്ക് അടിവരയിടുന്ന വസ്തുതയാണ്.



വ്യത്യസ്തമായ മറ്റൊരു മാദ്ധ്യമമായ റേഡിയോ നാടകങ്ങളും ഇദ്ദേഹത്തിന് നന്നായി വഴങ്ങും എന്നതിന്റെ തെളിവാണ് മാൻഹട്ടൻ, ഉണർത്തുപാട്ട് തുടങ്ങിയ ശബ്ദനാടകങ്ങൾ. റസാഖ് രചിച്ച 'ദൈവത്തോട് നുണപറയരുത്' എന്ന കാവ്യസമാഹാരം മലയാള കവിതകളുടെ കണക്കെടുപ്പ് നടത്തുന്ന പല അക്കാദമിക് പണ്ഡിതരുടെയും ശ്രദ്ധയിലേക്ക് വന്നില്ല എന്നുള്ളതും ദൗർഭാഗ്യകരമാണ്.

2016 ലെ സ്വാതന്ത്ര്യദിനത്തിന്റെ അന്നാണ് ടി.എ. റസാഖ് അന്തരിച്ചത്. അതേസമയം അദ്ദേഹത്തിന് വേണ്ടി ഒരു സ്റ്റേജ്ഷോ സുഹൃത്തുക്കൾ ചേർന്ന് സംഘടിപ്പിച്ചിരുന്നു. വെള്ളിവെളിച്ചത്തിൽ തിളങ്ങി നിന്നിരുന്ന വ്യക്തിത്വമാണെങ്കിലും അവസാനകാലത്ത് സാമ്പത്തികമായ പരാധീനത പല വലിയ കലാകാരന്മാരെപ്പോലെ അദ്ദേഹത്തെയും ബാധിച്ചിരുന്നു. തീർച്ചയായും പുരോഗമന പ്രസ്ഥാനങ്ങൾക്ക് ഒരു നഷ്ടം തന്നെയാണ് അദ്ദേഹത്തിന്റെ അകാലത്തിലുള്ള വിടവാങ്ങൽ. ●

● എൽ. രാധാകൃഷ്ണൻ



# മനുഷ്യക്കോലങ്ങൾ



കീറപ്പായ്ത്തറയിലോരത്തുചാരുന്ന
മാർജ്ജാരനൊത്തു ചേർന്നുറങ്ങുന്നവർ
ഓലയാൽമേഞ്ഞാ മറയ്ക്കുള്ളിലൊതുങ്ങുന്ന
വേലയും കൂലിയുമില്ലാത്ത പ്രാണികൾ
പകലന്തിതോറും ഒട്ടിയ വയറുമായ്
പരതുന്നതൊരു ചാൺ വയറിൻ വിശപ്പിനാൽ
പാളത്തിലോടുന്ന തീവണ്ടിക്കുള്ളിൽത്തന്നെ
കേളെന്ന മട്ടിൽ പാടുന്ന രൂപങ്ങൾ
അതിലൊരു സ്ത്രീരൂപമൊക്കത്തുകുഞ്ഞുമായ്
പതിയെയടുക്കുന്നു നീട്ടിയ കൈകളാൽ
തുണ്ടില്ല തുണിയില്ലാ പൈതലിൻ ദേഹത്ത്
കുണ്ടാമണ്ടികൾ കാട്ടാൻ കരുത്തുമില്ല
തുട്ടുകളേകുന്നു യാത്രികർ ചിലരൊക്കെ
കിട്ടിയതെളിയിൽ തിരുകുന്ന വേളയിൽ
കുഞ്ഞിക്കരങ്ങളിൽ മുത്തമിട്ടാ രൂപം
മിന്നിമറയുന്നു കഷ്ടമായി കണ്ടുതാൻ,



ചൂളംവിളിച്ചോടിപ്പായുന്ന വണ്ടിയിൽ
ഓരത്തുജന്നൽകമ്പികൾ ചേർന്നിടം
ദൂരത്തുതന്നിലേക്കിരിപ്പടം പൂകവെ
ഓർക്കാതെ ചിന്തകളെങ്ങോ പറന്നുവോ
മൃഷ്ടാന്നമുണ്ണുവാൻ മാതാവ് ലാളിക്കിൽ
ഇഷ്ടമില്ലെന്നുതാൻ പണ്ടങ്ങുചൊല്ലവെ
ഒരുതുള്ളി വെള്ളമമൃതമായ് കഴിപ്പവർ
ഒരുവട്ടിയന്നം പാഴാക്കുന്നതറിക നാം
കണ്ണിൽ നിന്നറിയാതെയിറ്റുരുതുള്ളികൾ
മണ്ണിലീ ദുഃഖം ചിലതറിയാതെപോന്നവർ
പിറ്റേന്നുരാവിലെ പെട്ടെന്നുപോയ് താനുമൊ-
റ്റയ്ക്കു നിൽക്കുവാനെളുതാതെ കൂട്ടത്തിൽ
അന്തിയുറങ്ങിയീവന്നവരൊക്കെയും
അപ്പോഴുമോരത്തുണ്ടിന്നലെ കണ്ടവർ
ഉണ്ടിരിക്കില്ല രാവിലുറങ്ങിയിരിക്കില്ല
ചിന്തിച്ചുകൂട്ടുവാനൊന്നുമില്ലാതെയോ
വീശുന്ന കാറ്റിലും പെയ്യുന്ന മഴയിലും
ആശകളില്ലാതെ കല്ലായ് കഴിഞ്ഞവർ
രാവും പകലും പൊയ്പോയതറിയാതെ
യാത്രകൾ തുടരുന്നു നാളുകൾ നീങ്ങവെ
പതിവുള്ള ദൃശ്യങ്ങൾ പലതുമതു കാണുന്ന
സഹജരും താനും മറക്കുമീ കാഴ്ചകൾ
അന്നേരമോരോ മാത്ര കഴിഞ്ഞിരിക്കിലും
പിന്നാലെയോർത്തൊന്നു കരയുവാനില്ലാതെ
പാവങ്ങൾ പിന്നെയും പാടുപെടുന്നതേ
പോറ്റാനും തന്നെയും പൊന്നുമക്കളെത്താൻ
ഓർക്കുന്നതില്ല സ്വപ്നത്തിൽപോലുമിതു
മോർക്കാതെ കാലം കഴിക്കുന്ന മാനുഷർ
പാളത്തിന്നരികിലെക്കൂരയിൽ കൺപാർത്തു
താളത്തിലോടുന്ന വണ്ടിയിലപ്പോഴും
ദൂരത്തു മായുന്ന രൂപങ്ങളൊക്കെയും
ഒരുവട്ടമെങ്കിലും തിരിഞ്ഞുനോക്കാം
ചേറിലും ചെടിയിലും ആടിത്തിമിർക്കുന്ന
മങ്ങുന്ന കോലങ്ങളാ ജീവിതങ്ങൾ

● റീന വി.ആർ.



# വിടരും മുമ്പേ...





'എരിപൊരികൊണ്ട മാംസദാഹങ്ങളേ
നരകമാക്കുന്നു നിങ്ങളീപ്പാരിനെ,
വെറുതെ നിങ്ങൾ വിടില്ല,
വിടില്ലൊരു ചിറകൊടിഞ്ഞ പൂമ്പാറ്റയെ കൂടിയും'

എന്ന ചങ്ങമ്പുഴക്കവിതയിലെ വരികൾ അർത്ഥവത്താകുന്നു വീണ്ടും.

വയലറ്റ് നിറത്തിലെ ഉടുപ്പും കുഞ്ഞുകാലുകളിൽ വെള്ളിത്തളയും കുഞ്ഞിക്കണ്ണുകളിൽ കുടുംബം പുലർത്താനുള്ള ഉത്തരവാദിത്വത്തോടെ കാശ്മീർ താഴ്‌വരയുടെ തണുപ്പിലേക്ക് തന്റെ കാണാതായ കുതിരയെത്തേടി ആ 8 വയസ്സുകാരി ഓടിയെത്തി. തുള്ളിച്ചാടി നടക്കേണ്ട, പഠിക്കാൻ പോകേണ്ട ബാല്യത്തിൽ ആ കുരുന്ന് തന്റെ അച്ഛനെ സഹായിക്കാനായി, കുടുംബത്തിന്റെ പട്ടിണിയകറ്റാനായി ജോലിയെടുത്തു. ഈ പ്രായത്തിലുള്ള നമ്മുടെയൊക്കെ മക്കൾ യൂണിഫോമും അണിഞ്ഞ് സ്കൂൾ ബാഗുമായി സ്കൂൾ ബസിലേക്ക് വീട്ടിൽനിന്ന് അച്ഛനമ്മമാർ കൈപിടിച്ച് കയറ്റി വിടുമ്പോൾ നമ്മുടെ സങ്കടം അവൾ/അവൻ കഴിക്കാതെ ബാക്കിവച്ച ഭക്ഷണത്തെക്കുറിച്ചോ അല്ലെങ്കിൽ കഴിഞ്ഞ പരീക്ഷയ്ക്ക് കുറഞ്ഞുപോയ മാർക്കിനെക്കുറിച്ചോ? ഏതായാലും അങ്ങനെ ആശങ്കപ്പെടാൻ അവൾക്കാരെങ്കിലും ഉണ്ടായിരുന്നോ എന്നറിയില്ല. കാണാതായ കുതിരയെത്തേടിപ്പോയ ആ 8 വയസ്സുകാരി പിന്നീടൊരിക്കലും മടങ്ങിവന്നില്ല. അവളുടെ പിതാവ് അവളെ കാട്ടിൽ തിരയുമ്പോൾ ദിവസങ്ങളോളം അവൾ മരണത്തോട് മല്ലിട്ട് ജീവിതത്തിനും മരണത്തിനുമിടയിൽ ആ നരാധമന്മാരുടെ കൈകളിൽ കിടന്ന് പിടയുകയായിരുന്നുവല്ലോ! 2018 ജനുവരിയിൽ നടന്ന ആ സംഭവം പുറംലോകം അറിയുന്നത് മാസങ്ങൾക്ക് ശേഷവും!. എവിടെയാണ് നമുക്ക് തെറ്റുപറ്റിയത്?

ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തികളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം ഒരു പടി കൂടി ഉയർന്ന് ആറാമതെത്തി! വളരെ നല്ല കാര്യം. ഓരോ ഇന്ത്യാക്കാരനും ഇതിൽ അഭിമാനിക്കാം. എന്നാൽ ഇന്ത്യയിൽ ഓരോ മണിക്കൂറിലും പീഢനത്തിനിരയായി കൊലചെയ്യപ്പെടുന്ന കുട്ടികളുടെ എണ്ണമെത്ര? വികസനത്തിൽ മുന്നേറാൻ വേണ്ടി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്ന തിരക്കിൽ മനുഷ്യത്വം മരവിപ്പിക്കുന്ന ഇത്തരം കാഴ്ചകൾ ഇന്ത്യ എന്ന രാജ്യത്തിന്റെ മാനംകെടുത്തുന്നു എന്ന യാഥാർത്ഥ്യം കണ്ടില്ലെന്നു നടിക്കേണ്ടിവരുന്നു അധികാരികൾക്ക്.

കാശ്മീർ സംഭവത്തെ ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ ഭയാനകം എന്നാണ് വിശേഷിപ്പിച്ചതെന്നാണ് മാധ്യമങ്ങളിൽ നിന്ന് അറിയാൻ കഴിഞ്ഞത്. ക്രൂരകൃത്യം നടത്തിയവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നാണ് കരുതുന്നതെന്നും അദ്ദേഹം പ്രതികരിച്ചുവത്രെ. എന്നാൽ ഈ രാജ്യത്തെ സാധാരണ ജനങ്ങൾക്ക് അങ്ങനെയൊരു പ്രതീക്ഷ ഉണ്ടാകാൻ ഇടയില്ല. പ്രതികളെ ഇതുവരെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. ഇനി കണ്ടെത്തിയാൽ തന്നെ അവരാണ് പ്രതികളെന്ന് കോടതിയിൽ തെളിയിക്കാൻ കഴിയുമോ? കോടതിക്കത് ബോധ്യപ്പെടുമോ? വിധി പറയുവാൻ എത്ര വർഷങ്ങൾ വേണ്ടിവരും? കുഞ്ഞുങ്ങളെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ എത്ര പ്രതികൾക്ക് ഇവിടെ വധശിക്ഷ ലഭിച്ചിട്ടുണ്ട്? ഇനി ജീവപര്യന്തം ലഭിച്ചാൽ തന്നെ "മേൽ കോടതികൾ" കേസ് പരിഗണിച്ച് പരിഗണിച്ച് അവസാനം പ്രതികൾ വീണ്ടും അതിവേഗം തന്നെ ഇതേ സമൂഹത്തിൽ 'മാന്യന്മാരായി' തിരിച്ചെത്തുന്നു. വളരെശക്തമായ ഭരണഘടനയുള്ള നമ്മുടെ രാജ്യം ഇന്ന് ലോകത്തിനു മുന്നിൽ തലകുനിച്ചു നിൽക്കുന്നു.

ഒരു പെൺകുഞ്ഞ് ജനിച്ച നിമിഷം മുതൽ കാലാന്തരത്തിൽ മരണപ്പെടുന്നതുവരെ എന്തൊക്കെ പീഡനങ്ങളാണ് അവൾ അനുഭവിക്കേണ്ടി വരിക? എന്ത് സുരക്ഷിതത്വമാണ് നമ്മുടെ രാജ്യത്തിന് അവൾക്കായി നൽകുവാൻ കഴിയുക? ഒരു പെൺകുഞ്ഞിന് തനിച്ച് സ്കൂളിൽ പോകാൻ, കളിക്കാൻ പോകാൻ സുരക്ഷിതത്വമുണ്ടോ? അവളുടെ സ്വന്തം വീട്ടിൽ ഒറ്റക്കിരിക്കാൻ, അവളുടെ കൂട്ടുകാരികളുടെ വീട്ടിൽ, അവളുടെ അയൽ വീടുകളിൽ അവൾ സുരക്ഷിതയാണോ? വികസിത രാജ്യങ്ങളിൽ വളർച്ചാനിരക്ക് കൂടിയത്കൊണ്ട് മാത്രമല്ല പരിഷ്കൃത സമൂഹവും നിയമങ്ങൾ വെള്ളം ചേർക്കാതെ നടപ്പാക്കുന്നതും കൊണ്ടു കൂടിയാണ് സ്ത്രീകൾക്ക് ഏത് സമയത്തും ഒറ്റയ്ക്ക് സഞ്ചരിക്കുന്നതിനും താമസിക്കുന്നതിനും സ്വാതന്ത്ര്യം ഉണ്ടാകുന്നത്. ശക്തമായ നിയമം മാത്രം പോരാ അവ നിക്ഷ്പക്ഷമായി നടപ്പാക്കിയാൽ മാത്രമേ നമ്മുടെ രാജ്യത്ത് അരാജകത്വം അവസാനിക്കുകയുള്ളൂ.

ന്യൂ ജനറേഷൻ എന്ന ഓമനപ്പേരിലറിയപ്പെടുന്നവർക്ക് വാക്കുകൾക്ക് മൂർച്ചയത്രയും സോഷ്യൽ മീഡിയായിൽ മാത്രം. ഫേസ്ബുക്കിലും ഇൻസ്റ്റാഗ്രാമിലും കൂടി പ്രതികരിക്കുന്ന ഇവർക്ക് തങ്ങളുടെ കാര്യം കഴിഞ്ഞിട്ട് സമൂഹത്തിന് ഒരു നന്മ ചെയ്യുവാനിറങ്ങുവാനായി സമയമില്ല. വില്യം ഷേക്സ്പിയറേപ്പോലും വിമർശിച്ചുകളയുന്ന ഇക്കൂട്ടർക്ക് സിനിമാപ്പാട്ടുകളുടെ ഓരോ വരികളിൽപ്പോലും വളരെ കരുതലാണ്. ആഹാരം മോഷ്ടിച്ച ആദിവാസിയെ തല്ലിക്കൊന്നപ്പോൾ അരുതെന്നു പറയുന്നതിനുപകരം വീഡിയോയെടുത്ത് വൈറലാക്കുന്നു! അപകടത്തിൽപ്പെട്ട് ചോരയൊലിപ്പിച്ചു കിടന്നയാളോടൊപ്പം സെൽഫിയെടുക്കുന്നു! മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം പറഞ്ഞതുപോലെ നമ്മുടെ ആൺമക്കളെ ചെറിയ പ്രായത്തിലേ സ്ത്രീകളെ ബഹുമാനിക്കുന്നവരായി നമുക്ക് വളർത്തിക്കൊണ്ടു വരാം. സ്ത്രീകളെ സ്നേഹിച്ചും ബഹുമാനിച്ചും വളരുന്ന ഒരു കുഞ്ഞിനും ഇതുപോലുള്ള ക്രൂരത കാട്ടുവാൻ കഴിയുകയില്ല. അടുത്തിടെ വായിച്ച ഒരു കവിതാശകലം ഓർമ്മ വരുന്നു.

"അന്തിയ്ക്കു കൂടണഞ്ഞീടുവാൻ മണ്ടുന്ന


പെണ്ണിന്നു കൂടപ്പിറപ്പാവുക"

ഓരോ സമൂഹത്തിലും എല്ലാക്കാലത്തും എല്ലാ മനുഷ്യരും ഒരു പോലെ നന്മയുള്ളവരായിരിക്കില്ല. എന്നാൽ പഴയകാലത്തിൽ തിന്മ ചെയ്യുന്നവനെ സമൂഹം തള്ളിപ്പറയുകയും ഒറ്റപ്പെടുത്തുകയും ചെയ്തിരുന്നതിനാൽ തിന്മ ചെയ്യുവാനായി കൂടുതലാളുകൾ മുതിർന്നില്ല. എന്നാൽ ഇന്ന് സ്ഥിതി അതല്ല. തിന്മ ചെയ്യുന്നവരുടെ എണ്ണം ദിനംപ്രതി കൂടിയതോടെ അതിനും ഒരു മാന്യത (കപട)? കൈവന്നിരിക്കയാണ്. തിന്മ ചെയ്യുന്നവരെ സമൂഹം ഒറ്റപ്പെടുത്തുന്നതിന് പകരം മറ്റ് പല മുതലെടുപ്പുകളുടെയും പേരിൽ ഏത് കുറ്റവാളിയേയും പിന്തുണയ്ക്കുവാൻ, രക്ഷപ്പെടുത്തുവാൻ കുറേയേറെപ്പേർ ഇന്നിറങ്ങുന്നു. അത് ഒരു രാജ്യത്തിലെ വ്യക്തികളുടെ, സമൂഹത്തിന്റെ സംസ്കാരത്തിനേററ് കനത്ത തിരിച്ചടിയാണ്. കുറ്റവാളിയെ സംരക്ഷിക്കാത്ത അവനെ തള്ളിപ്പറയുന്ന ഒരു സമൂഹവും നിക്ഷ്പക്ഷമായ ഒരു നിയമവ്യവസ്ഥയും ഉണ്ടായാൽ മാത്രമേ ആ രാജ്യത്തിന് സാമൂഹികമായി ഉന്നതി കൈവരിക്കാൻ കഴിയുകയുള്ളൂ. നീതിന്യായ വ്യവസ്ഥകൾ ഭരണഘടന വിവക്ഷിക്കുന്ന അതേ രീതിയിൽ, ഇന്ന് നമ്മുടെ രാജ്യത്ത് നടപ്പാക്കുന്നുണ്ടോ? എങ്കിലെന്തേ ഇനിയുമിനിയും സൗമ്യമാർ, നിർഭയമാർ, ജിഷമാർ, കുങ്കുമപ്പൂവിന്റെ നാട്ടിലെ കുരുന്നു ബാലിക... സുഗതകുമാരി ടീച്ചറിന്റെ വാക്കുകൾ കടമെടുത്താൽ.

"എന്റെ പാവം കുഞ്ഞേ, നിന്നെ ഞാൻ മകളേ, മകളേ, മകളേ... എന്ന് നെഞ്ച് പൊട്ടി വിളിക്കുന്നു. വെള്ളി ത്തളയിട്ട തണുത്ത് മരവിച്ച, ചോര പുരണ്ട ആ കുഞ്ഞിക്കാലുകളിൽ ശിരസ്സണച്ച് മാപ്പ് ചോദിക്കുന്നു". ●

പുഷ്പാംഗദൻ റ്റി.







# തെളിനീരൊഴുകുമ്പോൾ

“ഇതൊരു സ്വാതന്ത്ര്യസമരത്തിനുള്ള നേരമാണ്, മലിനീകരണത്തിൽ നിന്നുള്ള സ്വാതന്ത്ര്യം! അതിന് ആദ്യം പൊരുതേണ്ടത് നാം നമ്മളോട് തന്നെയാണ്”. ഒരു പേപ്പറിന്റെ തുടക്കത്തിൽ ഞാനിങ്ങനെ കുറിച്ച് വച്ചത് വായിച്ചിട്ട് എന്റെ മോൻ ചോദിച്ചു : ‘അച്ഛൻ കഥയാണല്ലോ സാധാരണ എഴുതാറുള്ളത്! ഇത് എന്തുമാതിരി കഥയാ! ഈ കഥ മനസ്സിലാക്കാൻ കൊച്ചുകുട്ടികൾക്ക് ഇനിയും ഏറെ നാളെടുക്കും!’ അതിന് കുട്ടിക്കാലത്തുതന്നെ മനസ്സിലാക്കാനുള്ള സാഹചര്യമൊരുക്കുകയാണ് വേണ്ടത്.

പണ്ടെങ്ങോ അറിഞ്ഞ ഒരു കാര്യം ഓർമ്മ വരുന്നു... ഒരു ട്രെയിൻ യാത്ര. വിദേശികളായ ദമ്പതിമാർ കഴിച്ച ആഹാരത്തിന്റെ ബാക്കി പൊതിഞ്ഞ് ഭദ്രമായി ബാഗിൽ വച്ചതുകണ്ടിട്ട് ഇന്നാട്ടുകാരനായ ഒരാൾ സുഹൃത്തിനോട് ആശ്ചര്യത്തോടെ ചോദിച്ചു: “എന്തുമാതിരി ജന്തുക്കളാ ഇവറ്റകൾ.... ചിക്കന്റെ എല്ല് ഇനിയും കടിച്ചുനുണയാനാണോ പൊതിഞ്ഞു വച്ചത്?” കുറച്ചുകൂടി സംസ്കാരമുള്ള സുഹൃത്ത്: “ട്രെയിൻ നിർത്തുമ്പോൾ വെയ്സ്റ്റ് ബോക്സിലിടാനാണ് അവർ പൊതിഞ്ഞുവച്ചത്. അവർ അവശിഷ്ടം ട്രെയിനിൽ നിന്നും വലിച്ചെറിയാറില്ല”. ആദ്യത്തെയാൾ അന്ധാളിച്ചു നിന്നു!

ഇതൊക്കെ ഇപ്പോ പറയുന്നതെന്തിനെന്ന് സംശയം വരാം... ഒരു പ്രത്യേക സംഭവം പറയാനാണ് മുകളിൽ പറഞ്ഞത് കുറിച്ചത്. വിദേശമലയാളിയായ ജഗൻ കളിച്ചുവളർന്നിരുന്ന നാടിന്റെ ‘നഗരപരിവേഷം’ കണ്ടറിയാനുള്ള ആഗ്രഹംകൊണ്ടാണ് ഇപ്പോൾ നാട്ടിൽ വന്നത്.

റോഡിലൂടെ നടക്കുമ്പോൾ ഒരു സാന്ത്വനമേകുന്ന സുഖസ്പർശം ജഗന് അനുഭവപ്പെട്ടു. “ഒരു പക്ഷേ തന്നെ വിട്ടുപിരിഞ്ഞുപോയ അച്ഛന്റെയോ അമ്മയുടെയോ അനുജ

ന്റെയോ ആത്മാവിന്റെ തലോട ലാകാം... തന്നെ നാട്ടിൽ കണ്ടതി ലുള്ള സന്തോഷം പങ്കുവയ്ക്കുന്ന താകാം....'' ഇങ്ങനെ ഓരോന്ന് ചിന്തിച്ച് തന്റെ ഗ്രാമത്തിന്റെ ഇപ്പോ ഴത്തെ 'സിറ്റി പരിവേഷം' ഓരോ ന്നായി മനസ്സിൽ കുറിച്ചു.

ജഗൻ പതിനഞ്ച് വർഷം മുമ്പ് വിദേശത്ത് പോകുമ്പോൾ ഇവിടം പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായി രുന്നു. അരുവികളും വലിയ തോടു കളും വയലേലകളും പാലങ്ങളും മുങ്ങാൻകുഴിയിടാൻ പറ്റിയ ജലാശ യങ്ങളും ഉള്ള നാട്. ഇതൊക്കെ ഓർമ്മയിലെത്തുമ്പോൾ ഒരു നിർവൃതി അനുഭവിച്ചിരുന്നു. ഇവി ടുത്തെ ഒരു വലിയ ക്ഷേത്രക്കുളം കുളിക്കാനും നീന്താനും വീര്യം കാട്ടാനും മത്സരിക്കാനുമുള്ള ഒരിടമാ യിരുന്നു. വീണ്ടും അവ നേരിൽ കാണാൻ ആഗ്രഹം വന്നപ്പോ ഴൊന്നും അത് നടന്നില്ല. അങ്ങനെ പതിനഞ്ച് സംവത്സരങ്ങൾ കടന്നു പോയി!.

ജഗൻ ഓർക്കുന്നു: അഞ്ചാറ് ചതു രശ്രമൈൽ വിസ്തൃതിയുള്ള ഒരു മല, വീടിനടുത്തുണ്ടായിരുന്നു. മല യുടെ താഴ്‌വാരത്തായിരുന്നു ജഗന്റെ വീട്. കാട്ടുമുയലും മുള്ളൻപന്നിയും കുരങ്ങുകളും പലതരം പക്ഷികളും ഉണ്ടായിരുന്നു. അവയെ പാറമുകളി ലിരുന്ന് കാണാൻ എന്ത് രസമായി രുന്നു! പക്ഷികളുടെ കലപില ശബ്ദവും ഇണചേരലിന്റെ നിസ്വന ങ്ങളും കേൾക്കാമായിരുന്നു. മധ്യവ യസ്കയായ 'വക്കമ്മ' പച്ചമരുന്നു കൾ ശേഖരിച്ച് മരുന്ന് കടയിൽ കൊടുത്തിരുന്നത് ഈ മലയിൽ നിന്നാണ്. അവർ പറഞ്ഞതോർമ്മ വരുന്നു: "മക്കളെ, ഈ മലയില്ലെ ങ്കിൽ എന്റെ ജീവിതമില്ല. ഏത് രോഗ ത്തിനാ ഈ മലയിൽ മരുന്നില്ലാ ത്തത്!".

അന്ന് ചെറിയ തോടുകളിൽ വരെ നിറയെ തെളിഞ്ഞ വെള്ളമുണ്ടായി രുന്നു. പരൽ മീനുകളും ചൊട്ടയും പച്ചത്തവളയുമുണ്ടായിരുന്നു. തവള യിറച്ചി എണ്ണയിൽ പൊരിക്കുമ്പോൾ മണം മൈലുകൾക്കപ്പുറമെത്തും. ഔഷധഗുണമുള്ള നെടുമീനെ പിടി ച്ചുകൊടുത്താൽ വലിയ വിലകിട്ടുമാ യിരുന്നു. കുട്ടികൾക്ക് അന്നത് 'പോക്കറ്റ് മണിയായി'.

ജഗൻ ചിന്തിച്ചു; ''ഇപ്പോൾ എല്ലാം മാറിയിരിക്കുന്നു. ഇന്നിവിടെ തോടില്ല. മീൻ പിടിക്കുന്ന കൊക്കു കളും, കുട്ടികളുമില്ല. വയലേലകൾ കെട്ടിടങ്ങളാൽ നിറഞ്ഞിരിക്കുന്നു. ആറുകൾ തോടുകളായി... ഫാക്ടറി കളിൽ നിന്നുള്ള മാലിന്യവും മറ്റും ചേർന്ന് കറുത്ത ജലമൊഴുകുന്നു. ആ ദ്രാവകത്തിന് മുന്നോട്ടൊഴുകുന്ന തിന് വിസർജ്ജ്യവസ്തുക്കളും മറ്റും ചേർന്ന കൂനകൾ തടസ്സമുണ്ടാ ക്കുന്നു...".

നടത്തത്തിനിടയിൽ റോഡി ലെന്തോ സംഭവിക്കുന്നത് ജഗൻ ശ്രദ്ധിച്ചു! റോഡിൽ ചിതറിക്കിട ക്കുന്ന ഒരു ജീവിയുടെ ശരീരം കാക്ക കൾ കൊത്തിപ്പറിക്കുന്നു. അതും നോക്കിയിരുന്ന് ഷീറ്റിട്ട ഒരു കൂര യ്ക്കുള്ളിലിരുന്ന് ഒരു ബാലിക എന്തോ തിന്നുന്നു... ജഗന്റെ മനസ്സ് വേദനിച്ചു. നഗരം വലുതാകുന്നതി നേക്കാൾ വേഗത്തിലാ 'ഫാഷൻ' ആ നഗരത്തെ വിഴുങ്ങിയത്!

'വക'യിലൊരമ്മാവൻ കനിഞ്ഞു നൽകിയ വിസയുമായി ജഗൻ വിദേ ശത്തേയ്ക്ക് പറന്നു... നാടിനെകുറിച്ച് 'ഫോൺ' മുഖേന കിട്ടിയ വിവര ങ്ങളേ ജഗനറിയൂ...

മുൻപ് മലയോരത്തെ ഒരു ചായ ക്കടയിൽ ചായ ഒഴിച്ചിരുന്ന വേലുച്ചേ ട്ടനെ കാണാൻ അയാളാഗ്രഹിച്ചു. അതൊരു 'പരിസ്ഥിതി സൗഹൃദ ചായക്കട'യായിരുന്നു. 'വട്ട'യിലയി ലാണ് ദോശ തന്നിരുന്നത്. വിറകുപ യോഗിക്കുന്ന അടുപ്പും മൺകലവും. 'തീ കുറക്കെടി വാസന്തീ....' എന്ന് വേലുച്ചേട്ടൻ പറയുന്നത് 'ദോശയുടെ മാവ് കുറയ്ക്കാനാണെന്ന്' കുട്ടികൾ പറഞ്ഞ് ചിരിക്കുന്നത് ജഗൻ കേട്ടി ട്ടുണ്ട്. ഇപ്പോഴിവിടെ കൂറ്റൻ കെട്ടിട ങ്ങളും ഫൈവ് സ്റ്റാർ ഹോട്ടലുകളും സ്ഥാനം പിടിച്ചു. ചെറിയ പലചരക്കു കടകൾ മാറി. പകരം 'ഹൈപ്പർ മാർക്കറ്റുകളും ബിഗ് ബസാറുകളും' തുടങ്ങിയ വൻ സ്ഥാപനങ്ങൾ. നാട്ടി ലുള്ള വിരലിലെണ്ണാവുന്നവർക്ക് മാത്രമേ അവിടെ ജോലി കിട്ടിയിട്ടു ള്ളൂ. ഈ ഗ്രാമം നഗരമായപ്പോൾ ഇവിടെയുണ്ടായിരുന്നവർ എവിടെ പ്പോയി...!

വിദേശത്ത് ഒരുമിച്ച് ജോലി ചെയ്യുന്ന മുഹമ്മദ് പറഞ്ഞകാര്യം ജഗനോർക്കുന്നു: "വടക്കുള്ളോര് ഇപ്പോ ജോലി തേടി പോകുന്നത് കേരളത്തിലാ... അവിടം അവർക്ക് ഗൾഫാ... എല്ലാവരും ചെറുപ്പക്കാരെ തെക്ക് പോയ് ജോലി ചെയ്യാൻ പ്രേരിപ്പിക്കുന്നു. അവിടെ ശമ്പള മുണ്ട്, സമാധാനോമുണ്ട്... കൂടാതെ മനുഷ്യരേയും പ്രകൃതിയേയും സ്നേഹിക്കുന്ന ഒരു സർക്കാരുമിപ്പോ ഴുണ്ട്...".

"മുഹമ്മദ് പറഞ്ഞത് നേരാ... പക്ഷെ വലിയ ഒരു പ്രശ്നമുണ്ട്! ജന ങ്ങൾക്ക് കൂടുതൽ ശുചിത്വബോധമു ണ്ടാകണം... പാഴ്‌വസ്തുക്കൾ ജലാ ശയത്തിലേക്ക് വലിച്ചെറിയാതിരി ക്കാൻ പഠിക്കണം-പ്രകൃതിയെ സ്നേഹിച്ചാൽ ആ സ്നേഹം തിരി ച്ചുകിട്ടുമെന്നറിയണം..." ഇത്തരം വിചിന്തനങ്ങൾക്കുശേഷം ജഗൻ വേലുച്ചേട്ടന്റെ ചായക്കട കണ്ടെത്തി.

മുമ്പ് ഓലകൊണ്ടു മേഞ്ഞതെ ങ്കിൽ ഇപ്പോൾ ഫൈബർ ഷീറ്റിട്ട കട. ഇപ്പോഴും ചായക്കച്ചവടമുണ്ടവിടെ. ജഗൻ വേലപ്പന്റെ അടുത്തുചെന്ന് ചോദിച്ചു.

"ചേട്ടനെന്നെ അറിയാമോ?"

"പെട്ടെന്നങ്ങോട്ടു മനസ്സിലാകു ന്നില്ല. സാറിവിടെ ഇരുന്നാട്ടെ" എന്ന് പറഞ്ഞ് വേലപ്പൻ കസേര നീക്കി യിട്ടു.

"സാറേന്ന് വിളിക്കുന്നതിനപ്പുറ മൊരു ബന്ധമുണ്ട് നമുക്ക്, മാങ്കുഴി യിൽ തൊടിയിൽ രാഘവന്റെ മോനാ ഞാൻ, ഏറെ നാള് വിദേശത്തായി രുന്നു".

"കാഴ്ചക്കുറവുള്ളതുകൊണ്ടാണ് മോനെ എനിക്ക് മനസ്സിലാകാതെ പോയത്".

“മോനെന്നാ വന്നേ? ഈ നാടിന്റെ കാര്യോക്കെ മോനറിയോ?”

‘‘വാസന്തി ചേട്ടത്തി മരിച്ച കാര്യോക്കെ ഞാൻ അറിഞ്ഞു”.

‘‘മോൻ പോയിട്ടെത്ര നാളാ യെന്നാ പറഞ്ഞത്? ഇതിപ്പോ നഗ രമാ... നരകമാ...”

വേലപ്പൻ തന്റെ സങ്കടം ജഗന്റെ മുമ്പിൽ തുറന്നുവച്ചു.

“ചേട്ടാ... നമ്മുടെ ഗ്രാമം ഇത്തര ത്തിലങ്ങു മാറിയതെങ്ങനാ?” ജഗൻ ചോദിച്ചു.

“മോനേ, ഗ്രാമം നഗരമാകാൻ കണ്ണടച്ചു തുറക്കുന്ന നേരം വേണ്ട. എല്ലാം പെട്ടെന്നാ മാറീത്...”

“നമ്മുടെ കുന്നു മുഴുവൻ ഇടിച്ചു നിരത്തി. പട്ടണം വരാൻ പോണെന്ന റിഞ്ഞപ്പോൾ എല്ലാരും സന്തോ ഷിച്ചു. പട്ടണം വന്നു. ഇവിടെയുണ്ടാ യിരുന്ന പലരും പഠിച്ച തൊഴിൽ കിട്ടാതെ വന്നപ്പോ നാടു വിട്ടു. ചിലർ ചത്തു... മുമ്പ് മുടക്കമില്ലാതെ കിട്ടിയ മഴയൊന്നും ഇപ്പോഴില്ല. നിലങ്ങ ളൊക്കെ ബിസിനസ്സുകാർ വാങ്ങി മണ്ണിട്ടു നികത്തി. പിന്നെ വെള്ളോം കിട്ടാതായി”.

“വെള്ളവുമില്ലെന്നോ?” ജഗൻ

“പൈപ്പ് വെള്ളം ചിലപ്പോ കുടി ക്കാനും കൊള്ളില്ല. അലക്കാനും കൊള്ളില്ല...”

“ചേട്ടന്റെ മോൻ സത്യനെവിടെ” ജഗൻ അന്വേഷിച്ചു.

‘‘അവൻ കിടപ്പിലാ മോനെ... നേരത്തെ രണ്ടു കാലും സ്വാധീനമി ല്ലാത്തതാണെങ്കിൽ ഇപ്പോൾ ആത്സ്മയുമുണ്ട്. ഇവിടുത്തെ പാറയും മണ്ണുമൊക്കെ പൊട്ടി ച്ചോണ്ടു പോയപ്പോ വായൂം വെള്ള വുമെല്ലാം ചേറായി...”

“വേലുച്ചേട്ടന് അപകടം പറ്റിയെ ന്നൊക്കെ അറിഞ്ഞിരുന്നു. എന്താ പറ്റീത്?”

“പാറ പൊട്ടിച്ചപ്പോ വീണതാ... ചീളുവന്നടിച്ച് രണ്ടു കാലും പൊട്ടി. എങ്ങനെയൊക്കെയോ കൂട്ടി ച്ചേർത്തു. അഞ്ചാറു വർഷം കിടപ്പി ലായി. വല്ല വിധേനേം നടക്കാൻ പറ്റീത് ഭാര്യേടെ പരിശ്രമം കൊണ്ടാ...”

‘‘ചേട്ടാ ഗ്രാമമാണോ, നഗര മാണോ നല്ലത്?”

“കാലം മാറുമ്പോ കോലോം മാറ ണ്ടേ...” എന്ന മറുപടിയാണ് ജഗന് കിട്ടിയത്.

‘‘പണ്ട് കുന്നായിരുന്ന ഈ സ്ഥലം എങ്ങനാ നിരന്ന് ഒരു നഗര മായത്...!” ജഗൻ അന്വേഷിച്ചു.

‘‘അതൊരു വല്യ കഥയാ മോനേ... കായൽ നികത്തി കൃഷി ചെയ്യാനെന്നും പറഞ്ഞ് ഇവിടുത്തെ കുന്നിടിച്ച് തുടങ്ങി. പാറകൾ പൊട്ടിച്ച് റോഡ് പണിക്കു കൊണ്ടു പോയി. പാറപ്പൊടിയുണ്ടാക്കുന്ന കമ്പനികളും ഉണ്ടായി. സ്ഥലം നിര ന്നപ്പോൾ ആദ്യം വന്നത് കുപ്പിവെള്ള ഫാക്ടറിയാ... ലക്ഷക്കണക്കിന് ലിറ്റർ വെള്ളം പുറം നാട്ടിലേക്ക് പോയി. പിന്നീട് രാസവളം സൂക്ഷി ക്കാനായി ഗോഡൗൺ പണിതു. പിന്നീടത് രാസവളം നിർമ്മാണ സ്ഥലമായി... തുടർന്ന് ഒരുപാട് ഫാക്ടറികളും വന്നു. അന്ന് ഇവിടെ വലിയ ബഹളമൊക്കെ നടന്നു... സമ രക്കാരായി വന്നവരെയൊക്കെ പോലീസും ഗുണ്ടകളും തല്ലിച്ചതച്ചു. സമരക്കാർ പിൻവാങ്ങി. പിന്നീട് ഓരോരുത്തര് വന്ന് ഇവിടെ കച്ചോടം തുടങ്ങി. ലോഡ്ജുകളും സർക്കാരാ ഫീസുകളും വന്നു. അങ്ങനെ നഗര മാകാൻ തുടങ്ങി. കുട്ടികൾക്ക് പന്ത് കളിക്കാൻ ഒരിടംപോലും ഇട്ടിട്ടില്ല. നാട്ടിൽ വെള്ളമില്ല. പുഴയെല്ലാം കറു ത്തു. കിണറ്റിലെ വെള്ളം പോലും കുടിക്കാൻ കൊള്ളില്ല”. വേലപ്പനിൽ നിന്നും നിർഗമിച്ച വാക്കുകൾ ജഗനെ സ്തബ്ധനാക്കി.

ജഗൻ വേലപ്പനോട് ചോദിച്ചു :-

“ചേട്ടനും സത്യനും ഇവിടംവിട്ടു പോകാതിരുന്നതെന്താ?”

“ഞാൻ രണ്ടു കാലും ഒടിഞ്ഞു കിടന്നപ്പോ മടുപ്പില്ലാതെ എന്നെ നോക്കീത് വാസന്ത്യാ... ഇന്നത്തെ പ്പോലെ വലിയ ആശുപത്രിയൊന്നും അന്നിവിടെയില്ല. ചായ ഒഴിച്ച് വീട്ടു ചെലവും നോക്കി എന്നേയും മോനേയും നോക്കിയവൾ... ഞാൻ എണീറ്റു നടക്കാൻ തുടങ്ങി ഏറെ നാൾ കഴിഞ്ഞില്ല, അവള് കിടപ്പി ലായി... അർബുദമെന്നോ മറ്റോ ഡോക്ടർ പറഞ്ഞു. ഏറെ നാൾ കഴിയും മുമ്പേ അവൾ പോയി...!”.

ചായഷെഡ്ഡിന്റെ മുൻവശത്തെ ഒരു ചെറിയ തെങ്ങ് ചൂണ്ടിക്കാട്ടി അയാൾ പറഞ്ഞു: “അതാ, അവിടെ നിക്കണ തെങ്ങാണവൾ. അവളെ ഇവിടെയാക്കീട്ട് പോകാൻ തോന്നീ ല്ല. അവൾ എന്നോടൊപ്പമുണ്ട്’’ ഇത്രയും പറഞ്ഞു നിർത്തുമ്പോൾ വേലപ്പന്റെ രണ്ട് കണ്ണുകളും നിറ ഞ്ഞിരിക്കുന്നത് ജഗൻ ശ്രദ്ധിച്ചു.

“നഗരവൽക്കരണം വരുത്തിവ ക്കുന്ന വിനയാണിതെല്ലാം... ജനപ്പെ രുപ്പം മാലിന്യം കൂട്ടുന്നു. എന്നാൽ താൻ കണ്ട വിദേശ നഗരങ്ങളിൽ മാലിന്യം സംസ്കരിച്ച് ഉപയുക്തമാ ക്കാൻ നിരവധി ആധുനിക സംവിധാ നങ്ങളുണ്ട്. അതൊക്കെ ഇവിടെ വരാൻ ഇനിയും നാളുകളെടു ക്കും....!”. തന്റെ ഗ്രാമത്തിന്റെ ഇപ്പോ ഴത്തെ അവസ്ഥ ജഗനെ വല്ലാതെ വേദനിപ്പിച്ചു....

ജഗൻ പറഞ്ഞു:- ‘‘സത്യനെ നമുക്ക് ചികിത്സിപ്പിക്കാം... അസുഖം ഭേദമാക്കാം”.

“നാമെന്ത് പ്രവൃത്തി ചെയ്താലും സമാധാനോം സന്തോഷവുമാ വലുത് മോനേ....! അത് കിട്ടാൻ പറ്റി യില്ലെങ്കി ഒന്നിനും പോകരുത്” - പ്രകൃതിയെ നന്നായി അറിഞ്ഞുകൊ ണ്ടുള്ള വേലുച്ചേട്ടന്റെ അഭിപ്രായം ജഗന് നന്നായി മനസ്സിലാകുന്നു. തുടർന്ന് ജഗനിൽ നിന്നും പ്രതീക്ഷി ക്കുന്ന അവസാന ആഗ്രഹവും വേലു അറിയിച്ചു.

മോനിനി വരുമ്പോ ഞാനും മോൻ സത്യനുമൊക്കെ കാണു മോന്ന് പറയാനാവില്ല... എങ്ങനെയാ യാലും ഈ ലോകത്തീന്ന് പോയാലും സമാധാനം കിട്ടില്ല.... ജഗ നെനിക്കു വേണ്ടി ഒരു കാര്യം ചെയ്യ ണം. എന്റെ ശവം കുഴിച്ചിടുകയാണെ ങ്കിൽ ഒരു മൊന്ത തെളിഞ്ഞ കിണർവെള്ളം എന്റെ കുഴിമാടത്തി ലൊഴിക്കണം. ●

● എം. വിനോദ് ചെറായി

കവിത

# മൺചെരാത്



കുന്നിൻനെറുകയിൽ സന്ധ്യയോടൊത്ത്
സ്നേഹസ്നിഗ്ദ്ധതയാലൊരുകൈത്തിരി
കൊളുത്തീടും വനമുത്തശ്ശിയെന്നും
ആത്മനിഷ്ഠതൻ മൺചെരാതിൽ

ഇരുളിൽ പടരുന്നൊരാവജ്രദീപ്തിയിൽ
വർണ്ണച്ചിറകാർന്ന പ്രാണി സഞ്ചയങ്ങൾ
കൂട്ടമായി വട്ടമിട്ടു പറന്നീടവെ തങ്ങളിൽ
മത്സരിച്ചൊടുവിൽ പൊലിഞ്ഞീടുന്നവ

പാറിപ്പറന്ന് കാക്കത്തമ്പുരാട്ടിയും വണ്ണാത്തിയും
പഴുത്ത ഫലങ്ങളുമായി കടവാവലുകൾ
വിരുന്നുകാരിവർ വഴിനീളെ വിത്തുവിതച്ച്
വയറുനിറച്ച് തിരികെ പോയീടുന്നു

മഴയായ് കാറ്റായ് ഇടിമിന്നലായി
ഭൂമിപുളകിതയായ് കുളിരണിഞ്ഞീടവെ



വിത്തുകൾ മുളപൊട്ടി ചെടിയായി
വള്ളികളായിലച്ചാർത്ത് വിരിയിച്ച്
ഇടതൂർന്ന് വളർന്നു മരക്കൂട്ടമായി
കാവായ് മുളംകാടായ് കൊടുങ്കാടായിടുന്നു

ചില്ലയും കരിയിലയും മണ്ണിൽ വീണ്
ചപ്പായ് ചതുപ്പായ് മെല്ലെ നീർത്തടമായി
നീരുറവയായ് കാട്ടുചോലയായ് നദിയായി
നിളയായ് കല്ലോളങ്ങളുതിർത്ത് നിറഞ്ഞൊഴുകീ

നായാടികൾ നദിക്കരയിൽ വാസമാക്കീടുന്നു
നെല്ലും തിനയും ചോളവും നട്ട് നനച്ച്
കൊയ്തുമെതിച്ച് നെല്ലും പതിരും വേർതിരിച്ചവർ
മൺപാത്രങ്ങൾ മെനഞ്ഞതിൽ
ഫലമൂലാദികൾ നിറച്ച് മണ്ണിൻ നനുത്ത
തണുപ്പിൽ സോമരസം വാറ്റിയെടുത്തവർ

മുളംതണ്ടിൽ സപ്തസ്വരത്തിൻ സുഷിരങ്ങളിട്ട്
പൊങ്ങുതടിയിൽ മൃഗത്തോൽ വലിഞ്ഞുകെട്ടി
ഗോത്രസംഗീതത്തിൻ ആദിതാളം തീർത്ത്
ഉറഞ്ഞുതുള്ളി മുടിയഴിച്ചിട്ട് തുമ്പിതുള്ളി

ഗ്രാമങ്ങളോരോന്നായി വെട്ടിപ്പിടിച്ചവർ
ജനപദങ്ങളിലൂടെ പടയോട്ടങ്ങൾ നയിച്ച്
മാമാങ്കവും കഴിഞ്ഞ് ജയഭേരിമുഴക്കി
അധികാരത്തിൻ ദണ്ഡും കൈക്കലാക്കി
തലപ്പാവിൽ പൊൻതൂവൽ തിരുകിയിട്ട്
ചാമുണ്ഡിതൻ കൊടിയടയാളവും തീർത്ത്
നാട്ടുമൂപ്പന്മാരായ് നാടുവാഴികളായിടുന്നു

വട്ടിയും പെട്ടിയും പത്തായവും നിറച്ച
നമ്പിയും തമ്പിയും ജന്മിമാരായിടുമ്പോൾ
പട്ടിണികിടന്ന് പണിയെടുത്തവർ
കുടിയാന്മാരായിട്ടൊരുതുണ്ട് ഭൂമിതൻ
പട്ടയം തേടി ചുറ്റുഗോവണികൾ കയറുന്നു

സൽഭരണത്തിൻ സ്തുതിഗീതങ്ങൾ രചിച്ചിടാൻ
പണ്ഡിത സദസ്സിൽ നവരത്നങ്ങൾ
ചെന്തമിഴ് കടഞ്ഞെടുത്ത് മുത്തും
പവിഴവും കലർത്തി മണിപ്രവാളവും
മുക്തകങ്ങളും തീർത്തൊരു ഭാഷയും സംസ്കൃതിയും
മേളിച്ച, പരശുവിൻ മലയാണ്മയെന്നൊരു സ്വത്വവും



# ചില ഹരിത ചിന്തകൾ

പ്രകൃതിയും ദൈവവും മനുഷ്യനും ഒന്നാണ്. സഹവർത്തിത്വവും സ്നേഹവുമാണ് പ്രകൃതി നമ്മെ പഠിപ്പിക്കുന്നത്. എന്നാൽ പ്രസ്തുത പാഠങ്ങൾ ആധുനിക മനുഷ്യൻ മറക്കുന്നു. പരിസ്ഥിതിയെ മറന്നുകൊണ്ടുള്ള വികസനമാണ് സമകാലീന സമൂഹത്തിന്റെ തീവ്രപ്രതിസന്ധിക്ക് കാരണം. ഭാവിയിലേയ്ക്ക് നോക്കുമ്പോൾ കാഴ്ചയിൽ തെളിഞ്ഞുവരുന്നത് മനുഷ്യ സമൂഹത്തിന്റെ നിലയ്ക്കാത്ത സങ്കടങ്ങളുടെ ചിത്രങ്ങളാണ്. അമ്ലമഴയും റേഡിയോ വികിരണവും രാസപദാർത്ഥങ്ങളുടെ വിസർജ്ജനവും ക്ലോറോഫ്ളൂറോ കാർബണുകളുടെ വ്യാപനവും വരാൻ പോകുന്ന ദുരന്തകാല സൂചനകളാണ്. മരുഭൂമികളായി മാറുന്ന കൃഷിഭൂമികൾ, വംശനാശം നേരിടുന്ന മത്സ്യസമ്പത്ത്, വറ്റിക്കൊണ്ടിരിക്കുന്ന ഭൂഗർഭ ജലസ്രോതസ്സ്, വരണ്ടുണങ്ങിയ നദികൾ, കാലിയാവുന്ന കൽക്കരി ഖനികൾ, ഉറവ വറ്റുന്ന എണ്ണക്കിണറുകൾ, വെട്ടിമാറ്റപ്പെടുന്ന കാടുകൾ, ഉരുകിയൊലിക്കുന്ന മഞ്ഞുപർവ്വതങ്ങൾ-മഴക്കാടുകൾ പോലും തീപിടിക്കുന്ന സ്ഥിതി. ഇതൊക്കെ സർവ്വസാധാരണമായിക്കൊണ്ടിരിക്കുന്നു. ഇതൊരു പ്രതിസന്ധിതന്നെയാണ്. ജീവിതം വഴിമുട്ടുകയും ദുരിതങ്ങൾ പെരുകുകയും ചെയ്യുന്ന സമസ്യ. ഈ പ്രതിസന്ധിയിൽ മനുഷ്യനെ രക്ഷിക്കാൻ ഇൻഫർമേഷൻ ടെക്നോളജിക്കോ സൂപ്പർ കമ്പ്യൂട്ടറുകൾക്കോ കഴിയില്ല. രക്ഷയുടെ വഴികൾ തെളിയുന്നത് പരിസ്ഥിതി ബോധത്തിന്റെ ഹരിത ശോഭയിലാണ്. മനുഷ്യകേന്ദ്രീകൃതമായ ദർശനങ്ങളും ചിന്തകളും ചിന്താധാരകളും പ്രകൃതിയെക്കൂടി ഉൾക്കൊള്ളും വിധം പാകപ്പെടുത്തിയാൽ മാത്രമേ പുതിയ തലമുറയ്ക്ക് അതിജീവനസാധ്യതയുള്ളൂ.

അക്ഷരം പഠിച്ചുതുടങ്ങുമ്പോൾ തന്നെ മറുഭാഷ പഠിച്ച് പഠിത്തത്തോട് തന്നെ അവഗണന സൃഷ്ടിക്കാതെ, മലയാളത്തിന്റെ, മാതൃഭാഷയുടെ മധ്യത്തിൽ തന്നെ പാരിസ്ഥിതിക പ്രശ്നങ്ങൾ കുട്ടികൾക്ക് ബോധ്യപ്പെടുത്തേണ്ടതുണ്ട്, ശരിയായ അവബോധം സൃഷ്ടിക്കുന്നതിൽ മുതിർന്നവർ ജാഗരൂകരാകണം. മഴവില്ലിന്റെ നിറങ്ങളും ജലത്തിന്റെയും വായുവിന്റെയും ആകാശത്തിന്റെയും കഥകളും അവർ പഠിച്ചു വളരട്ടെ! നിലാവിന്റെ തണുപ്പും രാത്രിയുടെ നിശബ്ദതപോലും ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. തിരക്കിട്ട ജീവിതത്തിൽ എന്തൊക്കെയോ അനർത്ഥങ്ങൾ വന്നുപെട്ടുകൊണ്ടിരിക്കുന്നു!.


അമിത ഉപഭോഗം നാശത്തിന്റെ വിളംബരമാണെന്നകാര്യം വിസ്മരിക്കാൻ പാടില്ല. അഞ്ചു വംശനാശങ്ങളെ അഭിമുഖീകരിച്ചതാണ് ഭൂമി. ഇന്ന് നശിച്ചുകൊണ്ടിരിക്കുന്ന ഭൂമിയ്ക്ക് മൃത്യുഞ്ജയമന്ത്രം ചൊല്ലാൻ പോലും ആളില്ലാതായിരിക്കുന്നു. ലാഭത്തിൽ കേന്ദ്രീകരിച്ച മുതലാളിത്ത സമ്പദ് വ്യവസ്ഥയ്ക്ക് ആവാസവ്യവസ്ഥാ പരിരക്ഷ പ്രധാന അജണ്ടയായിരുന്നില്ല. അതിനുമുന്നിൽ വികസനം ലാഭനിർമ്മാണത്തിന്റെ ഒരു ഉപാധി മാത്രമായിരുന്നു. ഇത്തരം തലതിരിഞ്ഞ വികസന കാഴ്ചപ്പാട് തിരിച്ചറിഞ്ഞ് തിരുത്താൻ ഒട്ടും വൈകിക്കൂടാ.

പ്രകൃതി അമ്മയാണ്. ഒരു താളനിബദ്ധമായ സംഗീതശില്പമായി പ്രകൃതിയെ അറിയാം നമുക്ക്. ഏതെങ്കിലും വാദകൻ ശ്രുതിയും താളവും തെറ്റിച്ചാൽ സംഗീതശില്പം ശിഥിലമാവും. ഇതുപോലെ പ്രകൃതിയുടെ ഓരോ ആവാസ വ്യവസ്ഥയ്ക്കും താളമുണ്ട്. അവയുടെ താളം തെറ്റിച്ചാൽ പ്രകൃതിയുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടും. പ്രകൃതിയുടെ നാശം മാനവരാശിയുടെ നാശമാണ്. അഥർവ വേദത്തിലെ പ്രകൃതിയെ സംബന്ധിച്ച പ്രാർത്ഥന ഇന്നും എല്ലാകാലത്തും പ്രസക്തമാണ്.

"അല്ലയോ ഭൂമി,
ഞാൻ നിന്നിൽ നിന്ന് ഖനനം
ചെയ്തെടുക്കുന്നതെല്ലാം
വീണ്ടും നിന്നിൽ നിറഞ്ഞു കുമിയട്ടെ
നിരാമയത്വമരുളുന്നോളെ
ഞാനേല്പ്പിക്കുന്ന ക്ഷതം
നിന്റെ മർമ്മ ബിന്ദുക്കളോളം
നിന്റെ ഹൃദയത്തോളം എത്താതിരിക്കട്ടെ" ●

● കല്യാണിക്കുട്ടി എം.വൈ.

യാത്രാനുഭവം



# കുളിരുപെയ്യുന്ന സ്വപ്നഭൂമിയിലേക്ക്...

**Once a year go somewhere you have never been before - Dalai Lama**


വേനലവധി യാത്ര പോകേണ്ട സ്ഥലങ്ങളെക്കുറിച്ചോർക്കുമ്പോൾ ആദ്യം വരുന്ന പേരുകൾ എപ്പോഴും ഹിൽസ്റ്റേഷനുകളുടേതാകും. പാലക്കാട് സ്വദേശിയായ എന്നെ സംബന്ധിച്ച് ഏറ്റവും അടുത്തുള്ള ഹിൽസ്റ്റേഷനുകൾ, നെല്ലിയാമ്പതി, ഊട്ടി, അട്ടപ്പാടി, കൊടൈക്കനാൽ ഇവയൊക്കെയാണ്. അങ്ങനെ കൊടൈക്കനാൽ ഉറപ്പിച്ചു. വീട്ടിൽ നിന്നുള്ള ദൂരം 174 കിലോമീറ്റർ ആണ്. യാത്രാസമയം നാലര മണിക്കൂർ മതിയാകും. ഗോപാലപുരം–പൊള്ളാച്ചി-പഴനി-കൊടൈക്കനാൽ ഇതാണ് റൂട്ട്. എൻ.എച്ച്. 83 യിലൂടെയാണ് യാത്ര. അതിരാവിലെ വീട്ടിൽ നിന്നും തിരിച്ചാൽ 7.00 മണിയോടെ അവിടെ എത്താനാകും. പക്ഷേ പോകുന്ന വഴിക്ക് പഴനി മുരുകന്റെ ക്ഷേത്രം ഉണ്ട്. അവിടെ ദർശനം നടത്താത എങ്ങിനെ

പോകും? കുടുംബസമേതമുള്ള ഞങ്ങളുടെ യാത്ര ഒരു ദിവസം മുന്നോട്ടാക്കി. ഉച്ചയ്ക്ക് ശേഷം വീട്ടിൽ നിന്നും കാറിൽ പുറപ്പെട്ട ഞങ്ങൾ വൈകിട്ടോടെ പഴനിയിൽ എത്തി. ഒരു ഇടത്തരം ലോഡ്ജ് കണ്ടുപിടിച്ചു. കുളിച്ച് ഫ്രഷായി അമ്പലദർശനത്തിന് പോയി. ഇത്തവണ ഞങ്ങൾ അഞ്ച്പേർ കൂടാതെ അനുജത്തിയുടെ മകൻ വിനുവും ഉണ്ട് ഈ യാത്രയ്ക്ക്.


മുരുക ദർശനം നടത്തണമെങ്കിൽ മലകയറണം. ധാരാളം പടികൾ ഉണ്ട്. അമ്മയ്ക്ക് കാല് നല്ല വേദനയുണ്ട്. എങ്കിലും കയറാം എന്നു സമ്മതിച്ചു. വളരെ സ്പീഡിൽ ചാടിച്ചാടിക്കയറുന്ന മൂന്ന് വയസ്സുകാരൻ വിനുവും വളരെ മെല്ലെ കയറുന്ന 65 വയസ്സുകാരി അവന്റെ അമ്മമ്മയും ഇവരുടെ ഇടയിൽ ഞാൻ കുറച്ചൊന്നു കഷ്ടപ്പെട്ടു. തിരക്കുണ്ട് രണ്ടുപേരെയും മിസ്സ് ആവാതെ നോക്കണമല്ലോ; അവസാനം മല കയറി ക്യൂ നിന്നു നല്ലവണ്ണം ദർശനം കിട്ടി. വളരെ തൃപ്തിയായി. ഞങ്ങൾ ദണ്ഡായുധപാണി തിരുക്കോവിലിനെ ഒന്നു വലംവച്ചു. ഈ അമ്പലത്തിൽ നിന്നും നോക്കിയാൽ മലമുകളിൽ കൊടൈക്കനാൽ കാണാം. ഞങ്ങൾ മലയിറങ്ങി ഭക്ഷണം കഴിച്ച് ഉറങ്ങാനായി ലോഡ്ജിലേയ്ക്ക് ചെന്നു. പിറ്റേ ദിവസം രാവിലെ വിനുവിനെ തല മുണ്ഡനം ചെയ്തു. പഴനിയിലെ പ്രധാന നേർച്ചയാണിത്. അതിനു ശേഷം ഒരുവട്ടംകൂടി താഴെ നിന്നും അമ്പലത്തിൽ തൊഴുതു.

ഇനി കുളിരുപെയ്യുന്ന ഒരു സ്വപ്നഭൂമിയിലേക്ക്. കേരളത്തിൽ വേനൽ പൂക്കുമ്പോൾ സന്ദർശിക്കാൻ പറ്റിയ ഏറ്റവും നല്ല ഇടം പഴനിയിൽ നിന്ന് 66 കി.മീ. ദൂരമുണ്ട് കൊടൈക്കനാലിലേക്ക്. ഹെയർപിൻ വളവുകളിലൂടെ മലകയറി മാത്രമേ മുകളിലെത്താൻ കഴിയൂ. ഈ യാത്രയെക്കുറിച്ച് വളരെ രസകരമായ ഒരു കാര്യമുണ്ട്. എപ്പോൾ യാത്ര പോകുമ്പോഴും പോകുന്നസ്ഥലത്തെക്കുറിച്ച് ഒരു ധാരണയും ഒരു റൂട്ട് സ്കെച്ചും ഉണ്ടാക്കാറുണ്ട്. ഞങ്ങളുടെ റൂട്ട് സ്കെച്ച് തെറ്റിച്ച ഒരു യാത്രയാണിത്. നേരെ തലകീഴായി തെറ്റിച്ച യാത്ര എങ്കിലും കുഴപ്പമൊന്നും കൂടാതെ ഞങ്ങൾ പരിപാടി ആസ്വദിച്ചു. ഞങ്ങൾ മലകയറി കുറച്ച് ഇടുങ്ങിയ റോഡാണ്. ഒരു ഭാഗത്ത് കിടങ്ങുകൾ എല്ലാ വശവും കൃത്യമായി കെട്ടി അടച്ചില്ല. നന്നേ സൂക്ഷിച്ചു ഡ്രൈവ് ചെയ്യണം. റോഡും അത്ര മെച്ചമുള്ളതല്ല. 3,4 വളവുകൾ കഴിഞ്ഞ് താഴോട്ട് നോക്കുമ്പോൾ പഴനി ക്ഷേത്രം കാണാം. പിന്നെ വീണ്ടും മുന്നോട്ടു പോയി. വഴി നിറയെ പലതരത്തിലും നിറത്തിലുമുള്ള കാട്ടുപൂക്കൾ. പലയിടത്തും കുരങ്ങന്മാരുടെ സജീവ സാന്നിദ്ധ്യവുമുണ്ട്. ഇവിടുത്തെ വാനരന്മാർക്ക് അക്രമവാസന വളരെ കൂടുതലാണ്. സൂക്ഷിച്ചില്ലെങ്കിൽ ഉപദ്രവിക്കും. വളരെ പതുക്കെ ആസ്വദിച്ചു മാത്രമേ യാത്ര ചെയ്യാനാകൂ. ഒരു ഭാഗത്ത് പച്ചപിടിച്ച കാടും മറുഭാഗത്ത് മഞ്ഞുപുക പൊങ്ങിവരുന്ന കൊക്കകളും. നടുവിൽ വളഞ്ഞുപുളഞ്ഞ ഒരു റോഡും മുകളിലേക്ക് അരിച്ചരിച്ച് കയറിപ്പോകുന്ന വണ്ടികളേയും താഴെനിന്നും മുടന്തിമുടന്തി വരുന്ന വണ്ടികളേയും കാണാം.

കുറച്ചുദൂരം മുന്നോട്ടു ചെന്നപ്പോൾ ഒരു വെള്ളച്ചാട്ടം കണ്ടു; Silver Cascade. വെള്ളം കുറവാണ്. കുളിക്കാനുള്ള സൗകര്യം ഉണ്ട്. വെള്ളച്ചാട്ടത്തെ പശ്ചാത്തലമാക്കി ഫോട്ടോ എടുത്തുകൊടുക്കുന്ന ധാരാളം ആളുകളെ കണ്ടു. ഫോട്ടോ അപ്പോൾ തന്നെ പ്രിന്റ് ചെയ്തു തരും. ഇന്ന് ഏത് മൊബൈൽ ഫോണിൽ ആണ് ഫോട്ടോ എടുക്കാൻ സൗകര്യം ഇല്ലാത്തത്. വഴിയോരക്കച്ചവടക്കാർ, പഴക്കച്ചവടക്കാർ ഇവരൊക്കെ ധാരാളമായി ഇതിനടുത്തുണ്ട്. വരുന്നതും പോകുന്നതുമായ എല്ലാ ആളുകളും ഇവിടെ നിർത്തി എന്തെങ്കിലും വാങ്ങിക്കുന്നുണ്ട്. താഴ്‌വാരത്തിലുള്ളതിനേക്കാൾ എന്തിനും ഇരട്ടി വിലയാണിവിടെ. താഴെ ദൂരെ പാലാർ ഡാമും പഴനിമലയും കാണാം. പെട്ടെന്ന് മഞ്ഞിറങ്ങി വഴിമൂടി. ഏകദേശം 3 മിനിട്ട് കഴിഞ്ഞപ്പോൾ അത് മാറി. ഒന്നും കാണാൻ വയ്യ. വണ്ടി നിർത്തി. ലൈറ്റ് ഇട്ടിരുന്നു. മഞ്ഞ് വീണ് റോഡ് നനഞ്ഞിരുന്നു. ചുറ്റും കാട്. കാടിന്റെ ശീൽക്കാരം, നനുത്ത തണുപ്പ്, തികച്ചും വന്യമായ അന്തരീക്ഷം. ഇടയ്ക്കിടെ കൂർത്ത പാറകളും കൊച്ചരുവികളും കാണാം.



വീണ്ടും യാത്ര തുടർന്നു. കാറ്റി ലൂടെ യൂക്കാലി ഗന്ധം പരക്കാൻ തുടങ്ങി. നമ്മൾ കൊടൈക്കനാലിലെ ത്തി. അതിമനോഹരിയും അതീ വസുന്ദരിയും സുഖവാസ കേന്ദ്രങ്ങ ളുടെ രാജകുമാരിയും ആണിത്. കുറ ച്ചുകൂടെ മുന്നോട്ട് ചെന്നപ്പോൾ മദർ തെരേസാ യൂണിവേഴ്സിറ്റി ഫോർ വുമണിന്റെ മുമ്പിലെത്തി. ഇന്ത്യയിൽ സ്ത്രീകൾക്കു മാത്രമായുള്ള ഏക യൂണിവേഴ്സിറ്റി ഇവിടെയാണ്. ഇതിന് മുമ്പിൽവെച്ച് റോഡ് രണ്ടായി തിരിയുന്നു. നമുക്ക് നേരെ മുമ്പിലേ യ്ക്കാണ് ചെല്ലേണ്ടത്. ഇവിടെ ഏതോ രാഷ്ട്രീയപാർട്ടിയുടെ ജാഥ



നടക്കുന്നതുകൊണ്ട് വാഹനങ്ങൾ അതിലൂടെ ടൗണിലേക്ക് കടത്തിവി ടില്ല. ഞങ്ങളെ വഴിതിരിച്ചു വിട്ടു. ഞങ്ങൾ പെട്ടു. തിരിച്ചുവിട്ട വഴി പ്രകാരമുള്ള റൂട്ട് സ്കെച്ച് ഞങ്ങ ളുടെ കൈവശമില്ലല്ലോ. എങ്കിലും ഞങ്ങൾ ചോദിച്ച് ചോദിച്ച് ലേക്കിലേ യ്ക്കുള്ള വഴി കണ്ടുപിടിച്ചു.

ഈ ലേക്കിന് ചുറ്റുമാണ് കൊടൈ ക്കനാലിന്റെ ജീവിതം മുഴുവനും. ബ്രിട്ടീഷ്കാർ സമതലത്തിലെ ചൂടിൽ നിന്ന് രക്ഷപ്പെടാൻ വികസി പ്പിച്ചെടുത്ത ഹിൽ സ്റ്റേഷനാണിത്. 1845 വർഷം മുതലാണ് ഇത് ഒരു സുഖവാസകേന്ദ്രം എന്ന രീതിയിൽ അറിയപ്പെട്ടു തുടങ്ങിയത്. അതിനു മുമ്പ് 'പലെയാർ' വിഭാഗത്തിൽപ്പെട്ട ആദിവാസികളുടെ ഊരുകളാണി വിടെ ഉണ്ടായിരുന്നത്. ഈ തടാക ത്തിന് ഒരു നക്ഷത്രത്തിന്റെ ആകൃ തിയാണ്. 5 കി.മീ. ചുറ്റളവാണിതിനു ള്ളത്. അക്കാലത്തെ മധുരൈ കള ക്ടർ Sir Vere Henry Levinge ആണ് ഈ തടാകം നിർമ്മിച്ചത്. ഈ തടാ കത്തിനു ചുറ്റും ഇന്ത്യയുടെ ഒരു ചെറുപതിപ്പ് നമുക്ക് കണ്ടെത്താനാ കും. ഉത്തരേന്ത്യൻ നവദമ്പതികളിൽ പലരും തങ്ങളുടെ ഹണിമൂൺ ആഘോഷങ്ങൾക്ക് ഇവിടെ തെര ഞ്ഞെടുക്കുന്നു. അവരെ കാത്തു കൊണ്ട് തടാകത്തിലെ ബോട്ടുകൾ കെട്ടഴിഞ്ഞ് കിടക്കുന്നു. തടാക ത്തിനു ചുറ്റും വേലികെട്ടിയിട്ടുണ്ട്. അതിനരികിൽ തന്നെ കാർ പാർക്ക് ചെയ്യാം. പ്രത്യേകം പാർക്കിംഗ് ഫീസില്ല. ഞങ്ങൾ ചെന്നെത്തിയിരി ക്കുന്നത് തടാകത്തിന്റെ മറുകരയി ലാണ്. ഇവിടെ നിന്നും നോക്കു മ്പോൾ അക്കരെ ബോട്ട് ഹൗസ് കാണാം. ഞങ്ങൾ തടാകതീരത്തു കൂടെ നടന്നു. തടാകത്തിനു ചുറ്റും കുതിരസവാരി, സൈക്കിൾ സവാരി മുതലായവ ഉണ്ട്. ഈ കരയിലും ബോട്ട് സവാരിക്കുള്ള സൗകര്യമു ണ്ട്. ഞങ്ങൾ വച്ചുപിടിച്ചു. Rowing Boat. ഒരാൾക്ക് 50 രൂപ. തുഴയാൻ പ്രത്യേകം ആളുകളുണ്ട്. തടാക ത്തിന് ചുറ്റും പൈൻമരങ്ങളാണ്. അതിന്റെ നിഴലുകൾ ഈ നീലത്ത ടാകത്തിൽ വീഴുന്നു. എന്തു തണു പ്പായിരുന്നു ആ യാത്രയ്ക്ക്. ഈ തോണിയാത്രയ്ക്കിടയിൽ ചിത്ര ങ്ങളിൽ കണ്ടിട്ടുള്ള ഈഫൽ ഗോപുരം പോലുള്ള ഒരു ടവർ കണ്ടു. തുഴച്ചിലുകാരനോട് അന്വേ ഷിച്ചപ്പോൾ അത് കൊടൈക്കനാ ലിലെ ദൂരദർശൻ കേന്ദ്രത്തിന്റെ ടവ റാണ് എന്ന് മനസ്സിലായി.

അരമണിക്കൂർ കഴിഞ്ഞ് കരയിലെ ത്തി. ഓരോ ചായ കുടിച്ചു. പുഴുങ്ങി വച്ചിരുന്ന കടലയും വാങ്ങി വെളിയി ലേയ്ക്കിറങ്ങി നടന്നു. ഇനി ലേക്കിനു ചുറ്റും നടന്നു കാണണം. ഇതിനുനേരെ എതിർവശത്ത് ഒരു ചിൽഡ്രൻസ് പാർക്കുണ്ട്. നല്ല തണു പ്പുണ്ടെങ്കിലും തെളിഞ്ഞ കാലാവ സ്ഥയാണിന്ന്. ഇവിടെ കാലാവസ്ഥ യാണെപ്പോഴും വില്ലൻ. തണുപ്പ് കൂടാം, കുറയാം, പെട്ടെന്ന് മഴ വരാം. നല്ല ഒരു തൊപ്പി എപ്പോഴും കയ്യിൽ കരുതണം. അത്യാവശ്യ മരുന്നുക ളും. തടാകതീരത്തുള്ള കടകളിലേക്ക് നടന്നു. തുണികൾ, തൊപ്പികൾ, കമ്പിളി, കോടൈ വിഭവങ്ങൾ, യൂക്കാലി, മലഞ്ചരക്കുകൾ, കൂടാതെ ടിബറ്റൻ, ശ്രീലങ്കൻ വസ്തുക്കൾ വരെ ഈ മാർക്കറ്റിലുണ്ട്. ടൂറിസമ ല്ലാതെ മറ്റു വരുമാനമൊന്നും തന്നെ ഇവിടുത്തുകാർക്കില്ല. ചിൽഡ്രൻസ് പാർക്കിന് അടുത്തുതന്നെയാണ് ടൗൺഷിപ്പ് ഓഫീസ്, ടൂറിസം ഇൻഫർമേഷൻ ഓഫീസ്, ചെറി യൊരു ബസ് സ്റ്റാന്റ് എന്നിവ. ഇതി നുമുമ്പിൽ ചെറിയൊരു മൂന്നും കൂടിയ കവലയാണ്. ഇതിൽ ഒരു റോഡ് നമ്മൾ മലകയറി വന്നതും മറ്റേതു രണ്ടും പരസ്പരം 'V' ആകൃ തിയിൽ പിരിഞ്ഞു പോകുന്നതും ഇതിൽ നേരെ മുകളിലോട്ടു അപ്പർലേക്ക് റോഡ്. മറ്റേ റോഡ് പോകുന്നത് കുറിഞ്ഞി ആണ്ടവർ കോവിലിലേയ്ക്കാണ്. അപ്പർലേക്ക് റോഡിലൂടെ മുന്നോട്ടു പോയി.

ചുറ്റും പൈൻ മരങ്ങൾ, യൂക്കാലി മരങ്ങൾ. യൂക്കാലിപ്സ്റ്റിന്റെ മണം ഏതായാലും തണുപ്പത്ത് മൂക്കടഞ്ഞു പോവില്ലല്ലോ. ഇവിടെ മനുഷ്യരെക്കാളും ധാരാളം കുരങ്ങന്മാരെയും കുതിരകളെയും കാണാം. കുതിരകളെ സവാരിക്കുവേണ്ടി വളർത്തുന്നതാണ്.

തണുത്ത കാലാവസ്ഥയ്ക്ക് ചോലമരക്കാടുകളിലൂടെയാണിപ്പോൾ യാത്ര ചെയ്യുന്നത്. സമയം രാവിലെ 11.30 ആയി. ഒരു കൊച്ചരുവി സമീപത്തുകൂടി ഒഴുകുന്നുണ്ട്. കുറച്ചു മുന്നോട്ടു പോയപ്പോൾ ഒരു ചെക്ക്പോസ്റ്റ്. മദ്യം, പ്ലാസ്റ്റിക് കുപ്പികൾ എന്നിവ വണ്ടികളിലുണ്ടോ എന്നറിയാനുള്ള പരിശോധനയാണ്. ഇവ കയ്യിലുണ്ടെങ്കിൽ അവിടെയുള്ള ഉദ്യോഗസ്ഥരെ ഏൽപ്പിക്കണം. കർശന പരിശോധനയാണ് എന്നു തോന്നിയില്ല. കാരണം ഞങ്ങൾ കുടിവെള്ളം കൊണ്ടുപോയ 15 ഓളം പ്ലാസ്റ്റിക് കുപ്പികൾ അവർ കണ്ടുപിടിച്ചില്ല. മുന്നോട്ടുപോയി. പൈൻ മരക്കാടുകൾ. പ്രത്യേകസ്ഥലത്ത് വണ്ടി പാർക്ക് ചെയ്ത് കാടിനകത്തേയ്ക്ക് നടന്നു. ഒരു കുത്തനെയുള്ള ചരിവ്. ധാരാളം പൈൻമരങ്ങൾ അകത്തോട്ട് പോകുന്തോറും ഇരുട്ടാകുന്നു. ഒരുപാട് സിനിമകളിൽ നമ്മൾ കണ്ട ഒരു ഇടമാണിത്. ധാരാളം വഴിവാണിഭക്കാർ ഇവിടെയുണ്ട്. സഞ്ചാരികൾ കാടിനകത്ത് പലസ്ഥലങ്ങളിൽ കയറി പല പോസുകളിൽ ഫോട്ടോ എടുപ്പിക്കുന്നു. താഴോട്ടിറങ്ങി ചെന്നാൽ ഒരു കുഞ്ഞു തടാകം സത്യത്തിൽ ഇത് Sholla Falls-ൽ നിന്നും വീഴുന്ന വെള്ളം നിറഞ്ഞ് ഒഴുകിപ്പോകുന്ന ഭാഗമാണ്. വേനൽ ആയതുകൊണ്ട് വെള്ളച്ചാട്ടവുമില്ല. തണലും തണുപ്പും പ്രണയിതാക്കൾക്ക് പറ്റിയ ഒരു സ്ഥലം.

അടുത്ത Observatory - Indian Institute of Astrophysics. പ്രത്യേക സുരക്ഷ സംവിധാനമുള്ള ഒരിടമാണിത്. കാർപാർക്ക് ചെയ്ത് മുന്നോട്ട് നടന്നു. വഴിയരികിൽ അവിടെ ഉണ്ടായ കാരറ്റ് വിൽക്കാൻ വച്ചിരിക്കുന്നത് കണ്ടു. വൃത്തിയായി കഴുകി ഭംഗിയായി കെട്ടിവച്ചിരിക്കുന്നു. 20 എണ്ണമുള്ള ഒരു കെട്ടിന് 40 രൂപ വാങ്ങിച്ചു. നേരെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗേറ്റിൽ ചെന്നു. അകത്തേക്ക് ചെല്ലുന്ന ഓരോരുത്തരുടേയും പേരും അഡ്രസ്സും എഴുതി വെയ്ക്കണം. അതിനുശേഷം അകത്തേക്ക് നടന്നു. ഒബ്സർവേറ്ററിയ്ക്കകത്ത് നമ്മളെ പ്രവേശിപ്പിക്കില്ല. തൊട്ടടുത്തുള്ള മ്യൂസിയത്തിലേക്കു മാത്രമേ പ്രവേശനമുള്ളൂ. അങ്ങോട്ട് ഒരു കിലോമീറ്റർ നടക്കാനുണ്ട്. വാഹനങ്ങൾ അനുവദിക്കില്ല. കാരറ്റും കടിച്ചുകൊണ്ട് നടന്നു. ആ മ്യൂസിയത്തിനകത്ത് വിജ്ഞാനപ്രദമായ ഒരുപാട് കാര്യങ്ങൾ കണ്ടു. നാസാ ചന്ദ്രനിൽ കണ്ടെത്തിയ കല്ലുകൾ, ടെലസ്കോപ്പ് - വളരെ വലിയത്, പല തരം ഉപഗ്രഹങ്ങളുടെ മോഡലുകൾ സൂര്യഗ്രഹണം നടക്കുന്നതെങ്ങനെയാണ് എന്ന് ലൈവായി കാണിച്ചു തരുന്നുണ്ട്. സ്പന്ദമാപിനികളേ വിട. തിരിച്ചിറങ്ങി ധാരാളം പൂക്കൾ വച്ചുപിടിപ്പിച്ച വഴിയിലൂടെ യൂക്കാലി മഞ്ഞുകൊണ്ട് കാറിനരികിലേക്കു നടന്നു.

അടുത്തതായി പോയത് ഗുണ കേവ്സ് & സൂയിസൈഡ് പോയിന്റിൽ ആണ്. 'ഗുണ' എന്ന കമലഹാസൻ ചിത്രം ഇവിടെവച്ച് ഷൂട്ട് ചെയ്തിട്ടുണ്ട്. അതിനുശേഷം ഇത് ഗുണ കേവ്സ് എന്നറിയപ്പെട്ടു. ഇതിനു തൊട്ടടുത്തുതന്നെയാണ് കുപ്രസിദ്ധമായ സൂയിസൈഡ് പോയിന്റ്. കൊടൈ ലേക്കിൽ നിന്ന് അഞ്ചര കിലോമീറ്റർ ദൂരമുണ്ട് ഇവിടേയ്ക്ക്. അവിടെ ഒരു നല്ല ഷോപ്പിംഗ് മാർക്കറ്റുണ്ട്. കിലോമീറ്ററുകളോലും വണ്ടികൾ പാർക്ക് ചെയ്തിരിക്കുന്നു. കാർ പാർക്ക് ചെയ്ത് നടന്നു. കുറച്ചുദൂരം നടക്കാനും ഒരു കയറ്റം കയറാനുമുണ്ട്. ഞങ്ങൾ സൂയിസൈഡ് പോയിന്റ് കാണാൻ പോയി. ഏതൊക്കെയോ തരം വൃക്ഷങ്ങൾക്കിടയി




ലൂടെ അവയുടെ വേരുകൾ ചാടിക്കടന്ന്, മുന്നോട്ടു നടന്നു. കയറ്റം കയറി. നല്ല ബുദ്ധിമുട്ടിയാണ് അവിടെ എത്തിയത്. ആത്മഹത്യാ മുനമ്പ് വലിയവേലികെട്ടി മറച്ചിട്ടുണ്ട്. (എന്നിട്ടും ഇപ്പോഴും ആളുകൾ ചാടുന്നു!). ഇതിന്റെ പേര് ഇപ്പോൾ ഗ്രീൻവാലി വ്യൂ എന്നാക്കിയിട്ടുണ്ട്. അതിനു തൊട്ട് താഴെത്തന്നെയാണ് ഗുണ കേവ്സ്. ഇതിന്റെ പേര് ഇപ്പോൾ ഡെവിസ് കിച്ചൺ എന്നാണ്. കയറാനോ ഇറങ്ങാനോ ഒരു സൗകര്യവുമില്ലാത്ത ഈ ഗുഹയിൽ ഒരു സിനിമ ഷൂട്ട് ചെയ്ത കമലഹാസനെ സമ്മതിക്കണം. ഇതിനു

മുകളിലും വേലി കെട്ടിയിട്ടുണ്ട്. തിരിച്ചിറങ്ങിയപ്പോൾ ധാരാളം കുരങ്ങന്മാർ കൂടെ വരുന്നുണ്ടായിരുന്നു. ധാരാളം പേർക്ക് മാന്തും കിട്ടുന്നുണ്ട്. എന്തായാലും ഇവിടെവന്ന് മരിക്കാൻ ശ്രമിക്കുന്നവരുടെ സൗന്ദര്യബോധത്തെ നമിക്കണം. ആയിരക്കണക്കിന് അടി ആഴമുള്ള കൊക്കയാണ്. കാറ്റ് നമ്മളെ താഴേക്ക് വിളിച്ചുകൊണ്ടേയിരിക്കും. ദൂരെ വൈഗൈ ഡാം കാണാം. ഇതിനടുത്തു തന്നെയാണ് ഗോൾഫ് ക്ലബ്ബ്. പരന്ന പുൽമൈതാനം മാത്രം കണ്ടു. അകത്തു കയറാൻ പറ്റിയില്ല.

മുന്നോട്ടു പോയി. വഴി ഒരിടത്തു തിരിയുന്നു. പില്ലർ റോക്സ് എന്ന് എഴുതിയിട്ടുണ്ട്. തടാകത്തിൽ നിന്നും 7 കിലോ മീറ്റർ ദൂരെയാണ് 122 മീറ്റർ ഉയരമുള്ള മൂന്ന് ശിലാരൂപങ്ങൾ. ഒരു ചെറിയ പൂന്തോട്ടമുണ്ട് ഇതിനടുത്ത്. ഇവിടെ ടിക്കറ്റുണ്ട്. ഒരാൾക്ക് രണ്ട് രൂപ. മൂന്ന് ഗ്രാനൈറ്റ് ശിലകൾ പാതാളത്തിൽ നിന്നും മുളച്ച് കാടിനെത്തുളച്ച് ഉയർന്ന് വന്ന് ഇനിയുമെങ്ങോട്ടോ വളരാൻ വെമ്പി നിൽക്കുന്നു. മഞ്ഞുമൂടുപടമില്ലാതെ ഈ ശിലകളെ ഒരുമിച്ചു കാണാൻ ആയിരക്കണക്കിനു ആളുകൾ തടിച്ചു കൂടി നിൽക്കുന്നുണ്ട്. രണ്ട് ചെറിയ ടെലസ്കോപ്പുകളും ഉണ്ട്. ഞങ്ങൾ രണ്ട് ശിലകളെ മാത്രമെ കണ്ടുള്ളു. കുറച്ചുനേരം നിന്നു. മഞ്ഞു മാറുന്നില്ല. ആ മനോഹരമായ കാഴ്ച ഞങ്ങൾക്ക് വിധിച്ചിട്ടില്ല. ഞങ്ങൾ തിരിഞ്ഞു നടന്നു.

കുറച്ചുകൂടെ മുന്നോട്ട് ചെല്ലുമ്പോൾ 'ഡോൾഫിൻ നോസ്' എന്ന പരന്ന പാറക്കെട്ടുണ്ട്. കുഞ്ഞുങ്ങളെ കൊണ്ടുപോകുമ്പോൾ സൂക്ഷിക്കണം. ഭൂതലത്തിൽ നിന്ന് 2000 അടി ഉയരത്തിലാണ് നമ്മൾ. ലേക്കിൽ നിന്നും 8 കിലോമീറ്റർ ദൂരമുണ്ടിവിടേക്ക്. ഒരു പരന്ന കരിങ്കൽപാറ. താഴെ സമതലം കാണാം. കാറ്റു നന്നായി വീശുന്ന ഒരിടമാണിത്. അതിനു തൊട്ടടുത്തുതന്നെയാണ്



'എക്കോ റോക്ക്' പ്രതിധ്വനിയുടെ താഴ്വര. അടുത്തുള്ള മലനിരകളിൽ തട്ടി ശബ്ദം തിരിച്ചു വരുന്നതു കേൾക്കാം. പലരും പലവിധ ശബ്ദങ്ങൾ ഉണ്ടാക്കുന്നതു കണ്ടു. തിരിച്ചു നടന്നു. സമയം 2 മണി ആയി. വിശന്നു തുടങ്ങി. ഇനി പ്രധാനമായും മൂന്ന് നാല് സ്ഥലങ്ങൾ കൂടി കാണാനുണ്ട്.

അടുത്ത സ്ഥലം ലാസലേത്ത് ചർച്ചാണ്. ഒരു കുന്നിന്റെ നെറുകയിൽ, നീല ചായമടിച്ച ഒരു ചെറിയ പള്ളി. ഇത് കൊടൈക്കനാലിലെ ഏറ്റവും പഴയപള്ളി. വളരെ ശാന്തമായ ഇടം അകത്ത് കടക്കാൻ കഴിഞ്ഞില്ല. ഗേറ്റ് പൂട്ടിയിരുന്നു.

വീണ്ടും പഴയ 'V' റോഡിൽ എത്തി. ഇനി നേരെ മുന്നോട്ട്. ഇനി പോകുന്നത് കോടൈയിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം കോക്കേഴ്സ് വാക്ക്. നമ്മൾ കാണേണ്ടതാണിവിടം. കാർ പാർക്കു ചെയ്തു. ചെറിയ ഷോപ്പിംഗ് ഏരിയ ഉണ്ട്. ഹോം മെയ്ഡ് ചോക്ലേറ്റ്സ് ധാരാളമായി കണ്ടു. കുറച്ചു വാങ്ങിക്കഴിച്ചു. നല്ല രുചി. എല്ലാവരും വിശന്നിരിക്കുകയാ






യിരുന്നല്ലോ. കുറച്ച് പൈൻ ഓയിൽ, യൂക്കാലി ഓയിൽ എന്നിവ വാങ്ങി വച്ചു. മുന്നോട്ട് നടന്നു. ടിക്കറ്റെടുത്തു. ആദ്യം ടെലിസ്കോപ്പ് ഹൗസ് ആണ്. മുകളിൽ കയറി താഴ്‌വാരത്തിന്റെ മനോഹരമായ കാഴ്ച കണ്ടു. വാക്കർവേയിലേക്ക് നടന്നു. മലയുടെ അപകടകരമായ അരികിൽ വളഞ്ഞുപുളഞ്ഞ ഒരു വഴി. കോക്കേഴ്സ് വാക്കിൽ നിന്ന് നോക്കിയാൽ ദൂരെ താഴെ സമതലങ്ങളും അവിടുത്തെ ജീവിതങ്ങളും കാണാം. വാണിഭക്കാരുണ്ട് വഴിനീളെ. വഴിക്കിരുവശത്തും നിറഞ്ഞ പച്ചപ്പുകൾക്കിടയിൽ മഞ്ഞയും നീലയും പൂക്കൾ.

1872-ൽ കൊടൈക്കനാലിന്റെ ഭൂപടം തയ്യാറാക്കിയ ലഫ്. കോക്കർ എന്ന എഞ്ചിനീയറാണ് മലയുടെ ഓരത്ത് ഇങ്ങനെ ഒരു വഴി കണ്ടുപിടിച്ചത്. ആ വഴിയോരത്തുകൂടെ നടക്കുമ്പോൾ പെട്ടെന്ന് മഞ്ഞു വന്നു വഴിമൂടും. തണുപ്പ് ആസ്വദിച്ചു. മഞ്ഞിനകത്ത് നില്ക്കാം. പെട്ടെന്ന് മഞ്ഞുമാറി വെളിച്ചം വരും. ലേക്കിൽ നിന്ന് ഒരു കിലോമീറ്റർ ദൂരമാണിവിടേക്ക്.

ലേക്കിന് ചുറ്റും 7-8 കിലോമീറ്ററിനകത്തുള്ള എല്ലാ പ്രധാന സ്ഥലങ്ങളും സന്ദർശിച്ച് തിരിച്ച് ഞങ്ങൾ ലേക്കിനടുത്തു തന്നെ എത്തി. നന്നായി വിശന്നു. അടുത്തുള്ള കടയിൽ ഭക്ഷണത്തിനു കയറി. മൂന്നരമണി കഴിഞ്ഞു. ഇനി ഒരു പ്രധാനപ്പെട്ട സ്ഥലമുണ്ട്. അതാണ് കുറിഞ്ഞി ആണ്ടവർക്ഷേത്രം. ലേക്കിന് നേരേയുള്ള റോഡിലൂടെ 3 കിലോമീറ്റർ ദൂരം പോകണം. പോകുന്ന വഴിക്ക് ഒരു പാർക്ക് കണ്ടു. ധാരാളം കുട്ടികൾ കളിക്കുന്നു. ചെട്ടിയാർ പാർക്ക് -മക്കൾ ബഹളം കൂട്ടി അവർക്കും കളിക്കണം. ഞങ്ങൾ ഇറങ്ങിയില്ല. ക്ഷേത്രത്തിൽ മുരുക പ്രതിഷ്ഠയാണ്. കോടൈ മലനിരകളുടെ ദേവസ്ഥാനമാണിത്. 1936-ൽ ഹിന്ദുമതം സ്വീകരിച്ച ഒരു ഇംഗ്ലീഷ് യുവതിയാണ് ഇത് സ്ഥാപിച്ചത്. ക്ഷേത്രത്തോടു ചേർന്നുള്ള മലനിരകലിൽ 12 വർഷത്തിൽ ഒരിക്കൽ കുറിഞ്ഞി പൂക്കുന്നു. വയലറ്റ് നിറമുള്ള ഒരപൂർവ്വ പുഷ്പമാണ് കുറിഞ്ഞി. അമ്പലത്തിനകത്ത് കടന്നു. നല്ല തണുപ്പ് തോന്നി. അവിടെ നിന്നപ്പോൾ സമയം 4 മണിയോടടുത്തു. ഏതോ വിശേഷപൂജ നടക്കുന്നുണ്ട്. പൂക്കളം നടയിൽ ഇട്ടിരിക്കുന്നത് കണ്ടു. മുരുകനെ തൊഴുത് വലംവച്ചു. മഞ്ഞുമാറി നിൽക്കുകയാണെങ്കിൽ ഈ അമ്പലത്തിൽ നിന്നും പഴനിക്ഷേത്രം കാണാം. മുരുകനിൽ നിന്നും മുരുകനിലേയ്ക്കുള്ള യാത്ര.

അവിടെ നിന്നും തിരിച്ചു ലേക്കിനടുത്ത് തിരിച്ചെത്തി. ലേക്കിന് നേരെയുള്ള ചിൽഡ്രന്ഡ്‌സ് പാർക്കിൽ കുട്ടികളെ കളിക്കാൻ വിട്ടു. കുറച്ചു നേരം ഷോപ്പിംഗ് നടത്തി. 4.45 ആയി. ഇനി മലയിറങ്ങണം. ഇല്ലെങ്കിൽ വഴിയിൽ മഞ്ഞിറങ്ങും. ഡ്രൈവിംഗ് തടസ്സപ്പെടും. രാത്രിയിൽ മലയിറങ്ങുന്നതും ബുദ്ധിമുട്ടാകും. മനോഹാരിയായ 'കോട'യോട് യാത്രചോദിച്ച് ഞങ്ങൾ മലയിറങ്ങി.

മഞ്ഞിൽ വിരിഞ്ഞ പൂക്കളും ഉദ്യാനങ്ങളും സരോവരങ്ങളും..... ഇനിയുമൊരു ഒഴിവുകാലത്തിന് വിരുന്നേകാൻ. ●



● റെനീഷ് സി.എൻ.






# ജീവചരിത്രങ്ങൾ

നീയിപ്പോൾ പഴയതുപോലെയല്ല;
പുഴയായതുപോലെ.
ഞാനും പഴയതുപോലെയല്ല;
പാഴായതുപോലെ.



● ഉബൈദുള്ള വി.





# വാക്കുകൾ



വാക്കുകൾ മധുരമായ്
കാതിൽ പെയ്യവേ,
യുയരുന്നു വീചികളു,ള്ളി-
ലതിന്നാനന്ദമെത്രയപാരം!


വാക്കുകൾ നക്ഷത്രജാലങ്ങൾ
ഇരുളറുത്തു നിത്യമാ-
മറിവിന് നിലാവുതിർക്കു;
മിന്ദ്രജാലത്തികവ്

വാക്കുകൾ നിറയായ് ചീറ്റും
തോക്കുക, ളതേല്ക്കും മനസ്സിന്റെ
താളംമാറുന്നു, കേൾക്കും
കാതുകൾക്കംഗാരമാകുന്നു

വാക്കുകൾ മഹാപ്രപഞ്ചം
അതളക്കുവാനെളുതല്ല
സൂക്ഷ്മാന്വേഷണ താക്കോൽ
കൊണ്ടു തുറക്കുക, സാദ്ധ്യവും.

● ജയകുമാർ എം.

ലേഖനം



# വിദ്യാഭ്യാസവും സാമ്പത്തിക വികസനവും



വിദ്യാഭ്യാസം എല്ലാ അർത്ഥത്തിലും വികസനത്തിനാവശ്യമായ ഒരു ഘടകമാണ്. മനുഷ്യ വിഭവശേഷിയിൽ മതിയായ നിക്ഷേപമില്ലാതെ ഒരു രാജ്യത്തിനും സുസ്ഥിര വികസനം നേടാൻ കഴിയില്ല. സ്വന്തം ധാരണാശക്തിയെ സമ്പുഷ്ടമാക്കുന്ന ഒന്നാണ് വിദ്യാഭ്യാസം. ലോകത്തെക്കുറിച്ചുള്ള അറിവ് ലഭ്യമാക്കി ജനങ്ങളുടെ ജീവിതനിലവാരം വർദ്ധിപ്പിച്ച് അതുവഴി വ്യക്തിയുടെയും സമൂഹത്തിന്റെയും സാമൂഹിക-സാമ്പത്തിക നേട്ടം കൈവരിയ്ക്കാൻ വിദ്യാഭ്യാസത്തിന് കഴിയുന്നു. ഉല്പാദനക്ഷമതയുടെയും മൂല്യത്തിന്റെയും വർദ്ധനവ് വഴി ദാരിദ്ര്യനിർമ്മാർജ്ജനത്തിനും സാങ്കേതിക വികസനം കൊണ്ട് ഉല്പാദന രീതികളിൽ മാറ്റം വരുത്തി അതു ലോക കമ്പോളത്തിൽ മറ്റ് രാജ്യങ്ങളോട് മത്സരിക്കാൻ ശേഷിയുള്ളതാക്കി രാഷ്ട്രനിർമ്മാണത്തിന്റെ പുരോഗതിയ്ക്ക് വിദ്യാഭ്യാസം സഹായിക്കുന്നു.

19-ാം നൂറ്റാണ്ടിനു മുമ്പ് മിക്ക രാജ്യങ്ങളിലും മനുഷ്യവിഭവശേഷി





യിലുള്ള നിക്ഷേപം വളരെ തുച്ഛമായിരുന്നു. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ വിദ്യാഭ്യാസം, തൊഴിൽ വൈദഗ്ദ്ധ്യം, അറിവ് നേടുന്നതിലുണ്ടായ വളർച്ച, വ്യക്തിയുടെയും രാജ്യത്തിന്റെയും ഉല്പാദനക്ഷമത നിയന്ത്രിക്കുന്ന ഒരു പ്രധാനഘടകമായി മാറി. 20-ാം നൂറ്റാണ്ട് മനുഷ്യ മൂലധനത്തിന്റെ യുഗം എന്നറിയപ്പെടാൻ തുടങ്ങി. ഇന്ന് മിക്ക രാജ്യങ്ങളിലും പ്രൈമറി, സെക്കണ്ടറി, ഉന്നതവിദ്യാഭ്യാസ മേഖല തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. അടിസ്ഥാന വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം ഇവ നേടുന്ന വിദ്യാർത്ഥികളുടെ എണ്ണവും വർദ്ധിച്ചു വരുകയാണ്. സ്ത്രീ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതുവഴി കുടുംബത്തിന്റെ വരുമാനം വർദ്ധിക്കുന്നുയെന്നത് മാത്രമല്ല കുടുംബത്തിലെ മറ്റ് അംഗങ്ങളുടെ ആരോഗ്യം, പോഷകാഹാര പ്രശ്നം, കുറഞ്ഞ ശിശുമരണനിരക്ക്, കുട്ടികളുടെ വിദ്യാഭ്യാസത്തിലുണ്ടാകുന്ന നേട്ടം എന്നിവ സാദ്ധ്യമാകുന്നു. അടിസ്ഥാന വിദ്യാഭ്യാസം, ഗവേഷണം, തൊഴിൽ പരിശീലനം എന്നിവയിലുള്ള നിക്ഷേപം രാജ്യത്തിന്റെ വികസനത്തിന് കാരണമാകുന്നുണ്ട്.

രാജ്യത്തിന്റെ ആഭ്യന്തര ഉല്പാദനം, കയറ്റുമതി, മൂലധന ഉല്പാദനക്ഷമത, സാങ്കേതിക കണ്ടുപിടിത്തങ്ങൾ എന്നിവയ്ക്ക് വിദ്യാഭ്യാസം സഹായിക്കുന്നു. വരുമാനം കുറഞ്ഞ ജനവിഭാഗത്തിന് വിദ്യാഭ്യാസത്തിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതുവഴി വരുമാന സമത്വവും സാമ്പത്തിക വളർച്ചയും സാദ്ധ്യമാകുന്നു. ലാറ്റിൻ അമേരിക്കയിലെ 18 രാജ്യങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം, വരുമാന അസമത്വം, ദാരിദ്ര്യം എന്നിവയുടെ ബന്ധങ്ങളെക്കുറിച്ച് നടത്തിയ പഠനങ്ങളിൽ വിദ്യാഭ്യാസം, വരുമാനം, ജനസംഖ്യാ വളർച്ച ഇവ തമ്മിൽ ശക്തമായ ബന്ധമാണുള്ളതെന്ന് കണ്ടെത്തുകയുണ്ടായി. ആഫ്രിക്കൻ രാജ്യങ്ങളിൽ നടത്തിയ പഠനങ്ങളിൽ സ്ത്രീവിദ്യാഭ്യാസത്തിന്റെ കുറവ് ജനസംഖ്യാ വർദ്ധനവിനും, ശിശുമരണനിരക്ക് കൂടുന്നതിനും കാരണമാണെന്ന് കണ്ടെത്തുകയുണ്ടായി.

മാതാവിനും, പിതാവിനും വിദ്യാഭ്യാസമുണ്ടെങ്കിൽ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ അന്തരം കുറഞ്ഞുവരുന്നതിനു കാരണമാകുന്നുണ്ട്. വിദ്യാഭ്യാസമുള്ള രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളുടെ ആരോഗ്യം, വളർച്ച, സ്വഭാവരൂപീകരണം എന്നിവയിൽ വളരെയധികം ശ്രദ്ധാലുക്കളായിരിക്കും. വിദ്യാഭ്യാസത്തിൽ നിക്ഷേപം നടത്തുന്നതോടെ അത് നേടുന്നവരുടെ എണ്ണം വർദ്ധിക്കുകയും രാജ്യത്തിന്റെ വ്യാപാര രംഗം കൂടുതൽ മത്സരാത്മകമായി മാറുകയും ചെയ്യുന്നു. ലോകബാങ്ക് 60 വികസ്വര രാജ്യങ്ങളിലെ സാമ്പത്തിക വളർച്ചയെക്കുറിച്ച് നടത്തിയ ഗവേഷണത്തിൽ വിദ്യാഭ്യാസവും സാമ്പത്തിക സുസ്ഥിരതയും തമ്മിൽ അഭേദ്യബന്ധമാണുള്ളതെന്ന് കാണുന്നു. അവികസിത വികസ്വര രാജ്യങ്ങൾ സാമ്പത്തിക വളർച്ച നേടിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിലുണ്ടായ പുരോഗതി ദാരിദ്ര്യം ഒരു പരിധിവരെ കുറയ്ക്കുന്നതിനു കാരണമായി. ചുരുക്കത്തിൽ വിദ്യാഭ്യാസമെന്നത് സാമ്പത്തിക വികസനത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. നല്ല വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെയല്ലാതെ ഒരു രാജ്യത്തിനും പുരോഗതി നേടുക സാധ്യമല്ല. സാമ്പത്തിക പുരോഗതി നേടുന്നതിനോടൊപ്പം ആളോഹരി വരുമാനം വർദ്ധിപ്പിച്ച് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലും വിദ്യാഭ്യാസത്തിന് നല്ലൊരു പങ്കുണ്ട്. ●

● ഷീലജ തെരൂർ

കവിത

# ഞാൻ

വേനൽമഴ
പെയ്തൊടുങ്ങിയ രാത്രിയിൽ
നക്ഷത്രങ്ങളൊന്നുമില്ലാത്ത
ആകാശത്തേക്ക് നോക്കി
നിലവിളിക്കുകയാണ് ഞാൻ....
എവിടെയാണ് എന്റെ നക്ഷത്രം?
മേഘങ്ങൾ മായ്ച്ചെങ്കിലും
അതിപ്പോഴും എന്റെ ഉള്ളിലിരുന്ന് മിന്നുന്നുണ്ടല്ലോ....
നിലവിളി വിട്ട് വിചാരപ്പെടുമ്പോൾ
ഓർമ്മകളുടെ വലയങ്ങളിൽ
വളർത്തുമീനുകളെപ്പോലെ
ഇഷ്ടങ്ങളും അനിഷ്ടങ്ങളും
നമുക്കെന്ത് പറ്റി?
പകലുകളെ മാത്രം കീറിയെടുത്ത്
രാത്രികളെ കൂട്ടിച്ചേർക്കാൻ കഴിയില്ലല്ലോ
അബോധത്തെക്കുറിച്ചുള്ള
ധാരണകളാണ് ഒരളവുവരെ
പ്രണയത്തെ അപനിർമ്മിക്കുന്നത്
അബോധത്തിന്റെ സ്വാതന്ത്ര്യത്തിൽ
അപരിചിതമായ കാമനകൾ
ജനിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യും.
അപ്പോൾ യഥാർത്ഥ പ്രണയാർത്ഥികൾ
ആദർശവത്കരിക്കപ്പെടും
ഇത്,
ഞാൻ എന്നോടുമാത്രം സംസാരിക്കുന്ന
ഒരു നിശബ്ദ താരാവലിയാണ്
ഇത്,
ഞാൻ, എന്നെ മാത്രം
കാണലാണ്.



# ഒരുപിടി വറ്റ്




ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ ആകാശം
നിങ്ങളുടെ സൂര്യൻ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ പുഴകൾ
നിങ്ങളുടെ വഴികൾ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ കൊട്ടാരം
നിങ്ങളുടെ കോട്ടകൾ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ അറിവുകൾ
നിങ്ങളുടെ പതിവുകൾ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ നേരങ്ങൾ
നിങ്ങളുടെ നേരുകൾ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ സ്വർഗ്ഗങ്ങൾ
നിങ്ങളുടെ സ്വപ്നങ്ങൾ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ സന്ധ്യകൾ
നിങ്ങളുടെ കാഴ്ചകൾ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ കിരീടങ്ങൾ
നിങ്ങളുടെ കീർത്തികൾ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ അമ്പലം
നിങ്ങളുടെ പള്ളികൾ
ചോദിച്ചതില്ല ഞാൻ
നിങ്ങളുടെ വയലുകൾ
നിങ്ങളുടെ വിളവുകൾ
ചോദിച്ചതില്ല ഞാൻ
നിങ്ങടെ മണ്ണിനെ
നിങ്ങടെ പെണ്ണിനെ
ചോദിച്ചതില്ല ഞാൻ
നിങ്ങടെ കാറ്റിനെ
നിങ്ങടെ കടലിനെ
ചോദിച്ചതില്ല ഞാൻ
നിങ്ങടെ...............
നിങ്ങടെ...............
നിങ്ങടെ...............
ചോദിച്ചു ഞാൻ,
ചോദിച്ചതൊരുപിടി വറ്റുമാത്രം!
ഒരു പിടി വറ്റുമാത്രം

● വിക്രമൻ സി.



# വിദ്യാഭ്യാസ മേഖലയിലെ **മൂല്യശോഷണം**



ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം നിലനിന്നിരുന്ന ഭാരത സംസ്കാരത്തിലാണ് നാം ജീവിക്കുന്നത്. ഗുരുവിന് നൽകേണ്ട ആദരവും, ബഹുമാനവും നൽകി ശിഷ്യഗണത്തിൽ ഉൾപ്പെട്ടുകൊണ്ട് "വിദ്യ" എന്ന അഭ്യസനം പൂർത്തീകരിച്ചിരുന്ന കാലം ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്. പ്രകൃതിയോടും, സഹജീവികളോടും ആദരവ് പുലർത്തിയിരുന്ന കാലമായിരുന്നു നമ്മുടെ ചരിത്രകാലം. പ്രപഞ്ച സത്യങ്ങൾ വ്യക്തമായ അർത്ഥതലങ്ങളിൽ മനസ്സിലാക്കുവാനും, മാനുഷികമായ നല്ല അംശങ്ങൾ സ്വായത്തമാക്കുവാനും, സാമാന്യബുദ്ധി പ്രയോഗിക്കുവാനും, കേരള സംസ്കാരത്തിന്റെ ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഉയരങ്ങൾ താണ്ടി മുന്നേറുന്നതിനും ഗുരുകുല വിദ്യാഭ്യാസം നമ്മെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഉന്നത മൂല്യങ്ങൾ സ്വായത്തമാക്കുന്ന ചാലകങ്ങളായി പള്ളിക്കൂടങ്ങൾ മാറ്റപ്പെടണമെന്നുള്ള ഉദ്ദേശ്യത്തിൽ കേന്ദ്രീകൃതമായി കേരള നവോത്ഥാന നായകരിലൂടെ നമ്മുടെ നാട്ടിൽ ഗുരുകുല സമ്പ്രദായം പള്ളിക്കൂട വിദ്യാഭ്യാസത്തിന് വഴിമാറുകയുണ്ടായി. കാലത്തിന്റെ മാറ്റങ്ങൾ ഉൾക്കൊണ്ട് "എല്ലാവർക്കും വിദ്യാഭ്യാസം" എന്ന ആശയത്തിലധിഷ്ഠിതമായ വിദ്യാഭ്യാസനയം നിലവിൽ വരികയും ചെയ്തു. പ്രപഞ്ച സത്യങ്ങളെ അംഗീകരിക്കുന്നതോടൊപ്പം ഉന്നത മൂല്യത്തിലധിഷ്ഠിതമായ നവ സമൂഹത്തെ സൃഷ്ടിക്കുകയുമാണ് വിദ്യാഭ്യാസത്തിലൂടെ നാം കൈവരിക്കേണ്ട പ്രധാനലക്ഷ്യം. നമ്മുടെ സമൂഹത്തിന്റെ വിദ്യാഭ്യാസ ഉന്നമനത്തിന് വേണ്ടി പാശ്ചാത്യശക്തികൾ വഹിച്ച പങ്ക് നിസ്തുലമാണെന്ന് ചരിത്ര രേഖകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.

ഒരു പരിധിവരെ പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞു എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ പുതിയ കാലഘട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ചില വീഴ്ചകൾ വന്നതായി നമുക്ക് കാണുവാൻ സാധിക്കും. പുരാതനകാലത്തെ സവർണ്ണർക്കും, സമ്പന്നർക്കും മാത്രം അനുവദിക്കപ്പെട്ടിരുന്ന വിദ്യാഭ്യാസം അവർണ്ണർക്കും, പാർശ്വവത്കരിക്കപ്പെട്ടവർക്കും അനുഭവവേദ്യമായിട്ട് കാലങ്ങൾ ഏറെ കഴിഞ്ഞിട്ടില്ല. ഇരുപത്തൊന്നാം നൂറ്റാണ്ടിലെ വിദ്യാഭ്യാസ സമ്പ്രദായം ഏറെ വിശാലതയും, മാനുഷിക ചിന്തകൾക്കും, പ്രാപഞ്ചിക സത്യങ്ങൾക്കും ഉന്നതമൂല്യങ്ങൾക്കും അതീതമായിട്ടുള്ളതാണെന്നും കാണുവാൻ കഴിയും. എല്ലാവർക്കും നിർബന്ധിത വിദ്യാഭ്യാസം എന്ന ആശയത്തിലധിഷ്ഠിതമായ നയം അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും, "വിദ്യാഭ്യാസം എന്റെ അവകാശം" (Right to Education) എന്നത് നിയമപരമായി അംഗീകരിക്കുകയും ചെയ്തിട്ടുള്ള രാജ്യത്താണ് നാം ജീവിക്കുന്നത്. സാമ്പത്തികമായ ലാഭം മാത്രം മുന്നിൽക്കണ്ട് കച്ചവട താല്പര്യത്തോടു കൂടി വിലമതിക്കാനാകാത്ത "വിദ്യാഭ്യാസം" എന്ന സ്വത്തിനെ ക്രയവിക്രയം ചെയ്യുന്ന കാഴ്ചയാണ് നാം കാണുന്നത്. വിദ്യാലയങ്ങൾ എന്നത് "അറിവ് വിൽക്കുന്ന സ്ഥാപനങ്ങളായി" മാറിക്കൊണ്ടിരിക്കുന്നു.

ജാതി, മത, വർഗ്ഗ, സമ്പത്ത് – വ്യത്യാസമില്ലാതെ എല്ലാവൽക്കും നല്ലവിദ്യാഭ്യാസം എന്ന അടിസ്ഥാനനയത്തിൽ നിന്നും നമ്മുടെ വിദ്യാഭ്യാസ മേഖല വ്യതിചലിക്കുന്ന കാഴ്ച അത്യന്തം ഖേദകരമാണ്. സാധാരണക്കാരന്റെ പക്കൽനിന്നും സർക്കാർ പിരിച്ചെടുക്കുന്ന നികുതിപ്പണം സ്ഥാപനങ്ങൾക്ക് ശമ്പളമായും, മറ്റ് ആനുകൂല്യങ്ങളായും നൽകപ്പെടുമ്പോൾ സാധാരണക്കാരന്റെ മക്കളെ പഠിപ്പിക്കുവാൻ വിമുഖത കാണിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ വർദ്ധിച്ച് വരുന്നു എന്നത് വിരോധാഭാസമായ കാര്യമാണ്. സമൂഹത്തോടുള്ള നീതി നിഷേധത്തിന്റെ ഉത്തമമാതൃകയാണ് ഇത്തരം നടപടികൾ.

100% വിജയം ഘോഷിക്കുന്നതിനും, പരസ്യം ലഭിക്കുന്നതിനും വേണ്ടി കുട്ടികളെ തരംതിരിച്ച് പഠിപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. കുട്ടികളുടെ മാനസികമായ വളർച്ചയെ മുരടിപ്പിക്കുവാൻ മാത്രമാണ് ഇത്തരം സങ്കുചിതമായ പ്രവർത്തനങ്ങളിലൂടെ സാധ്യമാകുകയെന്നത് നാം വിസ്മരിച്ചു കളയേണ്ട കാര്യമല്ല. ജനാധിപത്യരാജ്യത്തിൽ

എല്ലാവരും സമന്മാരാണെന്നും തുല്യ നീതി എന്ന ആശയത്തിനാണ് മുൻതൂക്കം നൽകേണ്ടതെന്നും ബോധ്യമുള്ളവരാണ് പള്ളിക്കൂടങ്ങളിലെ മേലധികാരികൾ. എങ്കിലും 100% വിജയമെന്ന കണ്ണടയിലൂടെ മാത്രമേ ഇത്തരക്കാർക്ക് കുട്ടികളെ കാണുവാൻ കഴിയുകയുള്ളൂ എന്നതാണ് വിചിത്രമായ കാര്യം. ഇന്ത്യയെന്ന മഹാരാജ്യത്തിന്റെ ഉയർച്ചയിൽ (എല്ലാ തലങ്ങളിലും) ആണിക്കല്ലുകൾ ആകേണ്ടവരാണ് ഓരോ വിദ്യാർത്ഥിയും. അത്തരത്തിൽ ഓരോ കുട്ടികളേയും അവരുടേതായ അഭിരുചിക്കനുസരിച്ച് ആണിക്കല്ലുകളായി രൂപാന്തരപ്പെടുത്തേണ്ട ചുമതലയാണ് ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകിയിരിക്കുന്നത്. സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ട അനേകം കുട്ടികൾ ഉണ്ട്. അവരേയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള പ്രധാന കവാടങ്ങളാണ് വിദ്യാലയങ്ങൾ എന്നത് വിസ്മരിക്കരുത്. പ്രകൃതിയുടെ ഭാഗമായിരിക്കുന്ന ഭംഗിയില്ലാത്ത ഒരു കല്ലിനെ ശില്പിയുടെ കരവിരുതിലൂടെ മനോഹരമായ ശില്പങ്ങളാക്കി തീർക്കുന്നതുപോലെ പാർശ്വവത്കരിക്കപ്പെട്ടവരും പഠനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ കുട്ടികളെ സമൂഹത്തിന് പ്രയോജനകരമായ തരത്തിൽ മാറ്റിയെടുക്കുന്ന പണിപ്പുരകളാകണം ഓരോ വിദ്യാലയവും.

പതിനാല് വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് സൗജന്യ വിദ്യാഭ്യാസം നിർബന്ധമായും നൽകണമെന്ന് നിയമം നടപ്പിലാക്കപ്പെട്ട രാജ്യമാണ് നമ്മുടേത്. എന്നാൽ അംഗൻവാടി (Pre K.G.) മുതൽ അമിതമായ ധനവിനിയോഗം നടത്തി "വിദ്യ" എന്ന അമൂല്യമായ സമ്പത്തിനെ കൈവശമാക്കുവാൻ ബദ്ധപ്പെടുന്ന കാഴ്ചയാണ് നാം കാണുന്നത്. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന ആപ്തവാക്യത്തിന് കടകവിരുദ്ധമായി മാറുകയാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം. പരിസ്ഥിതി സൗഹൃദത്തിലധിഷ്ഠിതമായതും, കേരളത്തിന്റെ തനതായ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ വിദ്യാഭ്യാസം നേടുന്ന കുട്ടികളിലുണ്ടാകുന്ന മൂല്യം നമ്മുടെ രാഷ്ട്രപുരോഗതിക്ക് ഏറ്റവും പ്രയോജനകരമാണ്. നമ്മുടെ രാഷ്ട്രത്തെ സ്നേഹിക്കുവാനും സേവിക്കുവാനും പ്രാപ്തിയുള്ള ഒരു സമൂഹത്തെയാണ് നമുക്ക് വേണ്ടത്. വിദ്യാഭ്യാസത്തിന്റെയും, ആരോഗ്യപരിപാലനത്തിന്റേയും അളവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളെ അടിസ്ഥാനമാക്കിയാണ് ഒരു രാഷ്ട്രത്തിലെ ജനതയുടെ ജീവിതനിലവാരം നിശ്ചയിക്കുന്നത്. ബുദ്ധിപരമായും, ആരോഗ്യപരമായും നല്ല മാറ്റങ്ങൾ ഉണ്ടാക്കുവാൻ നമുക്ക് കഴിയണം. ജീവിത നിലവാരത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നാം പല തലങ്ങളിലും മുന്നിലാണെന്നത് വസ്തുതയാണ്. എന്നാൽ നമ്മുടെ സംസ്കാരമൂല്യത്തിന്റെ അളവ് പിന്നാക്കം പോയതായി മനസ്സിലാക്കുവാൻ കഴിയും. ഈ അടുത്ത കാലഘട്ടത്തിൽ നമ്മുടെ സമൂഹത്തിൽ നടന്ന പല സംഭവങ്ങളും (ആദിവാസി യുവാവിന്റെ മരണം ഉൾപ്പെടെ) പ്രസ്തുത മൂല്യത്തകർച്ചയായി കാണാവുന്നതാണ്.

ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന വ്യവസ്ഥിതിയിൽ "ജനങ്ങളാണ് സർക്കാർ". ജനാധിപത്യ വ്യവസ്ഥയിൽ നിലവിൽ വരുന്ന സർക്കാരിനെ കാന്തികവലയത്തിലാക്കുവാനുള്ള ശക്തിയും പ്രാപ്തിയും ഈ കാലഘട്ടത്തിലെ സ്വാശ്രയ വിദ്യാഭ്യാസ മേഖലയ്ക്കുണ്ട് എന്നത് വളരെ അതിശയോക്തിയോടെ വീക്ഷിക്കേണ്ടതാണ്. ജാതി, മത സംഘടനകളുടെ പേരിൽ സർക്കാരിന്റെ അംഗീകാരത്തോടെ ആരംഭിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടന്നുവരുന്ന നീതിനിഷേധപരമായ കാര്യങ്ങൾ ആശങ്കയുളവാക്കുന്ന തരത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ഉന്നതവിദ്യാഭ്യാസം സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന അവസ്ഥ നിലവിൽ വന്നുകഴിഞ്ഞു. സ്വയംഭരണ അവകാശം നേടിയെടുക്കുന്ന കലാലയങ്ങളും, സർവ്വകലാശാലകളും ഓരോ വർഷവും കൂടിവരികയാണ്. സർക്കാരിന് നിയന്ത്രിക്കാൻ കഴിയാത്ത ഇത്തരം സ്ഥാപനങ്ങളിലൂടെ സാധാരണക്കാരന് ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. ജാതി, മത, വർണ്ണ, വർഗ്ഗ വിഭാഗങ്ങൾക്ക് വീതം വയ്ക്കൽ നടത്തിയതിന് ശേഷം ബാക്കിവരുന്ന സ്ഥാനങ്ങൾ സമ്പന്നർക്ക് ലേലം ചെയ്ത് വിൽക്കുകയും (പുതിയ പ്രവേശനം മുതൽ ഉദ്യോഗം വരെ) ചെയ്യുന്ന വിനാശകരമായ അവസ്ഥാവിശേഷം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ എത്തിക്കഴിഞ്ഞു. പഴയ കാലഘട്ടത്തെ ഓർമ്മിപ്പിക്കുന്ന ജന്മി-കുടിയാൻ വ്യവസ്ഥിതിയിലേക്ക് നാം മാറുകയാണ്. സാധാരണ പള്ളിക്കൂടത്തിൽ ശ്രമകരമായി പഠിച്ച് ഉന്നത വിജയം നേടി പുറത്തിറങ്ങുന്ന സാധാരണക്കാരന്റെ കുട്ടികൾക്ക് ഇഷ്ടപ്പെട്ട വിഷയത്തിൽ ഉന്നതപഠനം സാധ്യമല്ലാതായിത്തീരുന്നു. സമ്പത്തുള്ളവർ പഠനത്തിൽ പിന്നിലായാലും അവർ ജന്മിമാരുടെ വേഷം കെട്ടുമ്പോൾ പഠനമികവുള്ള സാധാരണക്കാരന്റെ കുട്ടികൾക്ക് യജമാനന്റെ മേശയിൽ നിന്ന് വീഴുന്ന അപ്പനുറുക്കുകളായ ബാക്കി വിഷയങ്ങളിൽ ആശ്രയം നേടി കുടിയാന്മാരായി പഠിക്കേണ്ട അവസ്ഥയിൽ നമ്മുടെ വിദ്യാഭ്യാസരംഗം എത്തിച്ചേർന്നു. ഇത്തരം നീതിനിഷേധാത്മകമായ പ്രവർത്തനങ്ങളെ കടിഞ്ഞാൺ ഇടേണ്ട കാലമായി എന്ന് നാം മനസ്സിലാക്കണം. ഇച്ഛാശക്തിയോടെ നീതിപൂർവ്വകമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ഓരോ ഭരണസംവിധാനങ്ങൾക്കും കഴിയേണ്ടത് നമ്മുടെ രാജ്യ നന്മയ്ക്ക് ആവശ്യമാണ്. അത്തരം ശക്തമായ തീരുമാനങ്ങളിലൂടെ മാത്രമേ വിദ്യാഭ്യാസ മേഖല നേരിടുന്ന മൂല്യശോഷണത്തിന് ശാശ്വതമായ പരിഹാരം കാണുവാൻ കഴിയുകയുള്ളൂ.

"വിദ്യാഭ്യാസം എന്നത് അമൂല്യ സമ്പത്താണ്"

അമൂല്യമായ സമ്പത്തിനെ വിൽക്കാൻ അനുവദിക്കില്ല എന്ന നിശ്ചയദാർഢ്യത്തോടെ നമുക്കൊരുമിച്ച് മുന്നേറാം. പുതിയ തലമുറയ്ക്കു വേണ്ടി! ●

● മല്ലികാദേവി ജെ.







# ജന്മസാഫല്യത്തിനായ്

ഹേ! മനുഷ്യാ നീയെന്തിനായ് കുതിക്കുന്നു
നീയാരെന്നുമെന്തെന്നുമറിയുക
സ്വന്തം പ്രവൃത്തിയാൽ നാം തന്നെ
പണിയുന്നു നാകവും നരകവുമിവിടെ
മനുഷ്യാ! നീയെന്തിനഹങ്കരിക്കുന്നു
പഞ്ചഭൂത നിർമ്മിതമാമീശരീരം
നശ്വരമാണെന്നറിഞ്ഞാലും
നൈമിഷികമാമീ ജീവിതവീഥിയിൽ
സത്യധർമ്മാദികൾ വെടിയാതിരിക്കുക!
മതമാത്സര്യങ്ങളിലന്ധനാകാതെ
നിന്റെ വ്യാപ്തിയും വ്യവഹാരങ്ങളുമറിയുക!
നാം പണിയുന്ന സ്വപ്നസൗധങ്ങൾ
നിമിഷാർദ്ധത്താൽ നശ്വരമാകുന്നു!
ഹേ! മനുഷ്യാ! വലിച്ചെറിയുക നിൻ മുഖംമൂടി
നിന്റെ വാത്മീകം പിച്ചിച്ചീന്തി പുറത്തുവരിക
നിന്നിലെ നന്മകൾക്കു നിറം ചാലിക്കുക
നിന്റെ ചെയ്തികൾ നിനക്കു തുണയാകുവാൻ
നിന്റെ ജീവിതമന്വർത്ഥമാകുവാൻ
നല്ലതു ചിന്തിച്ചായതു പ്രവർത്തിക്കുക!
നീ വെട്ടിപ്പിടിച്ചതൊക്കെയും നിന്റെയന്ത്യ-
നിമിഷത്തിൽ നിനക്കപ്രാപ്യമായ് വരും
ആർത്തിയുമസൂയയും രോഷവുമഹന്തയും
ജീവിതാർബുദങ്ങളാണെന്നറിയുക
സ്ഥാനമാനങ്ങൾക്ക് ഭ്രമിക്കാതിരിക്കുക!
കാണുന്നതൊക്കെയും സത്യമല്ലെന്നറിയുക!
എത്തിപ്പിടിക്കാൻ വെമ്പുന്ന ശാഖക-
ളെത്രയോ കാതമകലെയാണെന്നറിയുക!
ദേഹിയാണ് നിൻ ബലം ജീവിക്കുവാൻ
ദേഹമല്ലെന്നറിഞ്ഞു ജീവിക്കുക!
നിന്റെ ജീവിതമനശ്വരമാകുവാൻ
നിന്റെ കടമകൾ മറക്കാതിരിക്കുക!
പ്രകൃതിയെയാവാഹിച്ചു നിന്നിലേയ്ക്കൊതുക്കുക!
പ്രകൃതി തൻ ശാന്തത കാത്തു സൂക്ഷിക്കുക
മണ്ണിനെ സ്നേഹിച്ചു കാത്തുസംരക്ഷിക്കുക
നീയുമൊരിക്കൽ മണ്ണാകുമെന്നോർക്കുക!
അന്നദാതാവാം ഭൂമിയെ മറക്കാതെ-
യമ്മയെപ്പോലെ കാത്തു സംരക്ഷിക്കുക!
മണ്ണിന്റെ മണമുള്ള ജീവിത വീഥിയിൽ
നന്മതൻ വിത്തുകൾ വാരി വിതറുക!
നനുത്ത നൈർമല്യമാർന്ന വിത്തുകൾ-
നിന്നുള്ളിൽ കിളിർക്കട്ടെ നീയനശ്വരനാകുവാൻ!
ദയ, കാരുണ്യം സ്നേഹവാത്സല്യങ്ങളെന്നിവ-
യിലൂന്നി ജീവിക്കുക ജന്മസാഫല്യത്തിനായ്
മനുഷ്യാ! നിന്നുള്ളിലെ നന്മകൾ നിൻ
ജീവിതപ്പൂങ്കാവനത്തിൽ നൂറായിരം
അരിമുല്ലപ്പൂക്കളായ് സുഗന്ധം പരത്തട്ടെ!




● **ഐശ്വര്യ എസ്.ബി.**
D/o. സിന്ധു ബി.



● **അഭിജിത് പ്രകാശ്**
S/o. സിമി പി.

# ക്രിക്കറ്റ്



എല്ലാ മധ്യവേനലവധിക്കാലത്തും ഞാൻ നാട്ടിൽ പോകും. അക്കാലത്ത് ക്രിക്കറ്റ് ആയിരുന്നു ഞങ്ങൾ കൂടുതൽ സമയം കളിച്ചിരുന്നത്. ഞാൻ അയൽവാസികളായ കൂട്ടുകാരോടുമൊത്ത് ചന്ദ്രൻ മാമന്റെ റബ്ബർ തോട്ടത്തിൽ ക്രിക്കറ്റ് കളിക്കുമായിരുന്നു. കണ്ണച്ചൻ എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. നല്ലൊരു കൃഷിക്കാരനാണ്.

ഞങ്ങളുടെ ക്രിക്കറ്റ് മൈതാനത്തിൽ നിരവധി നിയമങ്ങൾ ഉണ്ടായിരുന്നു. പന്ത് കിണറ്റിൽ പോയാൽ ഔട്ടാകും. പന്ത് റബ്ബർ മരങ്ങളുടെ അതിർത്തി കഴിഞ്ഞുപോയാലും ഔട്ടാകും.

ഞാനായിരുന്നു ഏറ്റവും ചെറിയ കുട്ടി. അന്നൊക്കെ ഞാൻ ഓടിച്ചെന്ന് സ്റ്റംമ്പ് തള്ളിയിടുമായിരുന്നു. ചേട്ടന്മാർ വീണ്ടും സ്റ്റംമ്പ് മണ്ണിൽ കുത്തിവെയ്ക്കും. ഞാൻ വീണ്ടും തള്ളിയിടും.

തെങ്ങിൻമടൽ കൊണ്ടുള്ള ബാറ്റുകൊണ്ടാണ് ക്രിക്കറ്റ് കളിച്ചിരുന്നത്. എനിക്ക് അധികം റൺസ് എടുക്കാൻ കഴിഞ്ഞിരുന്നില്ല. ചില അവസരങ്ങളിൽ ഞാൻ ശക്തിയായി അടിക്കാറുണ്ട്. അപ്പോൾ റബ്ബർ മരങ്ങൾ പന്തിനെ തടയുമായിരുന്നു.

ആ പറമ്പിൽ ഒരു പൊട്ടക്കിണർ ഉണ്ടായിരുന്നു. അതിൽ ഞങ്ങളുടെ പന്ത് വീഴുമായിരുന്നു. മരിച്ചവരുടെ ആത്മാക്കൾ കിണറിനുള്ളിൽ ഉണ്ടെന്ന് ഞങ്ങൾ വിശ്വസിച്ചിരുന്നു.

വേനൽക്കാലത്ത് മഴ പെയ്യുമ്പോഴും ശക്തമായി ഇടിമിന്നൽ ഉണ്ടാകുമ്പോഴും ഞങ്ങൾ കളിച്ചിരുന്നു. കളി നിർത്തിയില്ലെങ്കിൽ കണ്ണച്ചൻ ജ്വലിച്ച സൂര്യനെപ്പോലെ ചാഞ്ഞു വരുമായിരുന്നു. അപ്പോൾ എല്ലാവരും ഓടി ഒളിക്കും. പിന്നീട് മഴകഴിഞ്ഞ് പിറ്റേന്ന് മാത്രമേ എല്ലാവരും കളിക്കാൻ വരികയുള്ളു.

കണ്ണൻ ചേട്ടന്റെ ബാറ്റ് ശബ്ദിച്ചിരുന്നത് പൊട്ടാസുപോലെയാണ്. പന്ത് വാല് നക്ഷത്രം പോകുന്നതുപോലെ പാഞ്ഞു പോകുന്നതു കാണാം. ദീപക്ക് ചേട്ടൻ വീട്ടിൽ നിന്ന് അമ്മ കാണാതെ അരിമാവ് കൊണ്ടു വരാറുണ്ട്. അതുപയോഗിച്ചാണ് ക്രീസ് വരച്ചിരുന്നത്.

കളിച്ച് ക്ഷീണിക്കുമ്പോൾ കണ്ണച്ചന്റെ കിണറ്റിലെ വെള്ളം കുടിച്ച് ഞങ്ങൾ ദാഹം ശമിപ്പിച്ചിരുന്നു. തിളപ്പിച്ച വെള്ളം വീട്ടിലുണ്ടായിരുന്നെങ്കിലും എനിക്ക് ആ വെള്ളം കുടിക്കാനായിരുന്നു ഇഷ്ടം. ഇതിന്റെ തണുപ്പും, സ്വാദും ഒന്നു വേറെയാണ്. ചില സന്ദർഭങ്ങളിൽ താഴെയുള്ള വീട്ടിലെ അമ്മൂമ്മ ഞങ്ങളുടെ കളിസ്ഥലത്ത് വരുമായിരുന്നു. സൂചിയിൽ നൂൽ കോർക്കാനാണ് വരുന്നത്. അവിടുത്തെ അപ്പൂപ്പൻ ഞാൻ തീരെ ചെറിയ കുട്ടിയായിരുന്നപ്പോൾ എന്റെ കൂടെ ക്രിക്കറ്റ് കളിക്കുമായിരുന്നു. ചിലപ്പോൾ എനിക്ക് കപ്പലണ്ടി മിഠായി വാങ്ങിത്തരും.

കാലങ്ങൾ കഴിഞ്ഞു. റബ്ബറിന്റെ വിലകുറഞ്ഞതിനാലും, റബ്ബർ മരങ്ങൾക്ക് വയസ്സായതിനാലും മരങ്ങൾ മുറിക്കാൻ കണ്ണച്ചൻ തീരുമാനിച്ചു. പിന്നീട് അവിടെ വാഴയും, മരച്ചീനിയും, ചേനയും, ചേമ്പുമൊക്കെ കൃഷി ചെയ്തു. വേലി കെട്ടി ഞങ്ങളുടെ കളിസ്ഥലം ഇല്ലാതായി. വിശാലമായ പറമ്പിലെ ക്രിക്കറ്റ് കളി ഒരു ഓർമ്മ മാത്രമായി.



**അഭിനവ്**
S/o. രമ്യ എൽ. രാജ്





● **ധനജ് ആർ.എസ്.**

S/o. സീന സി.എസ്സ്.






കാർട്ടൂൺ

● **ആര്യൻ വി. കൃഷ്ണ**

S/o. എം. വിനോദ് ചെറായി






● **കീർത്തന എ. കൃഷ്ണൻ**
D/o. ബിന്ദു എസ്. നായർ



# Books are my Life



# നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്ന് 01–08–2017 മുതൽ 31–07–2018 വരെയുള്ള കാലയളവിൽ വിരമിച്ചവർ



**മുരളീധരൻ നായർ കെ.**
സ്പെഷ്യൽ സെക്രട്ടറി



**പി.കെ. ഗിരിജ**
സ്പെഷ്യൽ സെക്രട്ടറി



**കെ.എസ്. അനസ്**
സ്പെഷ്യൽ സെക്രട്ടറി



**എസ്. പ്രസന്നകുമാർ**
അഡീഷണൽ സെക്രട്ടറി



**കെ. ഗോപകുമാരൻപിള്ള**
അഡീഷണൽ സെക്രട്ടറി




**കെ. ചാന്ദിനി റാണി**
ചീഫ് എഡിറ്റർ



**എം.ജി. വിജയൻ**
അണ്ടർ സെക്രട്ടറി ഹയർ ഗ്രേഡ്



**വിൽമറ്റ് ജോൺ**
അണ്ടർ സെക്രട്ടറി ഹയർ ഗ്രേഡ്



**ആർ ഗിരികുമാർ**
ലൈബ്രേറിയൻ



**കെ. പത്മകുമാർ**
എഡിറ്റർ ഓഫ് ഡിബേറ്റ്സ്



**വസന്തകുമാരി കെ.**
സെക്ഷൻ ഓഫീസ് ഹയർ ഗ്രേഡ്



**മേഴ്സി ആന്റണി**
സെക്ഷൻ ഓഫീസ് ഹയർ ഗ്രേഡ്



**കെ. പത്മകുമാർ**
ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ്



**വി. ഹരിലാൽ**
ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ്



**സുജാതാംബിക കെ.**
ഓഫീസ് സൂപ്രണ്ട്



**കുമാരി അംബിക ആർ**
സെക്ഷൻ ഓഫീസർ

(ശേഷം പേജ്.... 42)



**വിജയലക്ഷ്മി**
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്



**അനിലകുമാരി സി**
ഫോട്ടോകോപ്പി ഓപ്പറേറ്റർ



**എം. അബ്ദുൾസലാം**
ലിഫ്റ്റ് ഓപ്പറേറ്റർ



**ഡി.റ്റി. വിൻസെന്റ് പ്രസാദ്**
ഇൻഫർമേഷൻ അസിസ്റ്റന്റ്



**ബി. റോസമ്മ**
ഇൻഫർമേഷൻ അസിസ്റ്റന്റ്



**അംബിക സി.**
പാർട്ട് ടൈം സ്വീപ്പർ



**പി. ചന്ദ്രൻ**
മൊച്ചി




**പി. ലീല**
റോണിയോ ഓപ്പറേറ്റർ



**പി. സത്യനേശൻ**
ലിഫ്റ്റ് ഓപ്പറേറ്റർ



**തങ്കി കെ**
ഫോട്ടോകോപ്പി ഓപ്പറേറ്റർ



**ജി. ദേവകുമാർ**
ഇൻഫർമേഷൻ അസിസ്റ്റന്റ്



**ചെറുപുഷ്പം എ.**
ലേഡി അറ്റൻഡന്റ്



**പി. തങ്കമണി അമ്മ**
ഫുൾടൈം ഗാർഡ്നർ



**എസ്. ലീലാപുഷ്പം**
ലേഡി അറ്റൻഡന്റ്

അച്ചടി: കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്

# ഭരണഭാഷാ പ്രതിജ്ഞ

"മലയാളം എന്റെ മാതൃഭാഷയാണ്
മലയാളത്തിന്റെ സമ്പത്തിൽ
ഞാൻ അഭിമാനിക്കുന്നു.
മലയാള ഭാഷയെയും
കേരള സംസ്കാരത്തെയും
ഞാൻ ആദരിക്കുന്നു.
ഭരണ നിർവഹണത്തിൽ
മലയാളത്തിന്റെ ഉപയോഗം
സാർവത്രികമാക്കുന്നതിന്
എന്റെ കഴിവുകൾ
ഞാൻ വിനിയോഗിക്കും"

# സമന്വയം

നവംബർ 2018



**സ്വകാര്യ വിതരണത്തിനു മാത്രം**